www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 03 | 2017 JANUARY 28 | ₹ 10




## ഹജ്ജ് സബ്സിഡി

### മുസ്‌ലിം സമുദായത്തെ പ്രതിക്കൂട്ടിൽ നിർത്തുന്നതിന് മുമ്പ്

ജെല്ലിക്കെട്ടും ജന്തുക്കളോടുള്ള ഇസ്‌ലാമിക സമീപനവും / ഹദീഥ് സ്വീകരണത്തിന്റെ മാനദണ്ഡം

റോഹിങ്ക്യൻ മുസ്‌ലിംകൾ വംശവെറിയുടെ ഇരകൾ / ബഹുമത സമൂഹത്തിലെ മുസ്‌ലിം

പാർട്ടിയിൽ അംഗമാവുക, അങ്കം തുടങ്ങുക / വിശ്വാസം ഇസ്‌ലാമിന്റെ അടിസ്ഥാനം



to the right goal...
through the right path...

# MSM PROFCON

PROFESSIONAL STUDENTS
## GLOBAL CONFERENCE

2017 MARCH 10,11,12
## PALAKKAD

WISDOM
GLOBAL ISLAMIC MISSION

MSM KERALA
www.msmkerala.co.in
+91 96330 14375

നേർപഥം
വാരിക

0003 / 2017 ജനുവരി 28 / 1438 റബിഉൽ ആഖിർ 29 / പുസ്തകം 01 / ലക്കം 03



# ഹജ്ജ് സബ്സിഡി

## മുസ്‌ലിം സമുദായത്തെ പ്രതിക്കൂട്ടിൽ നിർത്തുന്നതിന് മുമ്പ്

പി. വി. എ പ്രിംറോസ്

**മുഖമൊഴി**

പ്രമാണങ്ങളുടെ കാവലാളാവുക / 05
എഡിറ്റർ

**സമകാലികം**

ജെല്ലിക്കെട്ടും ഇസ്‌ലാമിക സമീപനവും / 06
അബ്ദുൽ മാലിക് സലഫി

**ബാലപഥം**

നിയമങ്ങൾ പാലിക്കാനുള്ളതാണ് / 18
ഉസ്മാൻ പാലക്കാഴി

**കാഴ്ച**

സ്വർണത്തരിപോൽ പഞ്ചസാര / 19
ഇബ്നു അലി എടത്തനാട്ടുകര

**വിവർത്തനം**

ഹദീസ് സ്വീകരണത്തിന്റെ മാനദണ്ഡം / 20
ശൈഖ് നാസ്വിറുദ്ദീൻ അൽബാനി

**ലേഖനങ്ങൾ**

റോഹിങ്ക്യൻ മുസ്‌ലിംകൾ വംശവെറിയുടെ ഇരകൾ / 16
മെഹബൂബ് മദനി ഒറ്റപ്പാലം

ബഹുമത സമൂഹത്തിലെ മുസ്‌ലിം / 24
അൻവർ അബൂബക്കർ

വിശ്വാസം ഇസ്‌ലാമിന്റെ അടിസ്ഥാനം / 26
മൂസ സ്വലാഹി കാര

**പാരന്റിംഗ്**

പെരുമാറ്റത്തിന്റെ രീതിശാസ്ത്രം / 30
അഷ്റഫ് എകരൂൽ

**ഖുർആൻ പാഠം**

പക്ഷം ചേരുമ്പോൾ ശ്രദ്ധിക്കേണ്ടത് / 32
അബൂ അമീൻ

**നമുക്ക് ചുറ്റും**

പാർട്ടിയിൽ അംഗമാവുക അങ്കം തുടങ്ങുക / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas Kuriyedath I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു

### വായനക്കാർക്ക് പരിഗണന നൽകുക

'നേർപഥം' പ്രഥമ ലക്കം വായിക്കാനിടയായി. 'പുതുമ'കൾകൊണ്ട് പുതുമ തീർത്തു കണ്ടില്ല. പുതുക്കത്തിന്റെ പരിമിതികളുണ്ടാകും. എന്നും പുതുമയുള്ളതാണല്ലോ ഇസ്‌ലാം. അതിലേക്ക് വായനക്കാർക്ക് വാതായനം തുറന്നുകൊടുക്കാൻ 'നേർപഥ'ത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കാം. വായനക്കാർക്ക് പ്രതികരിക്കാൻ പേജുകൾ നീക്കിവെക്കുമല്ലോ.

**– ആർ.എം.ഇബ്‌റാഹീം, വെളുത്തൂർ, തൃശൂർ**

### സ്‌നേഹത്തിന്റെ സന്ദേശം

'നേർപഥം' കിട്ടി. നന്നായിട്ടുണ്ട്. നെടുങ്കൻ ലേഖനങ്ങളില്ലാത്തതിനാൽ ഒറ്റയിരുപ്പിന് വായിച്ചു തീർക്കാൻ സാധിച്ചു. സ്‌നേഹത്തിന്റെ സന്ദേശം പ്രസരിപ്പിക്കാൻ 'നേർപഥം'ത്തിന് സാധിക്കണം. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ആവരണമില്ലാതെ ആദർശം തുറന്നുപറയുന്ന സംസ്‌കാരം പിന്തുടരണം.

ഈമാനിന്റെ ശക്തമായ പാശങ്ങളിൽ പെട്ടതാണ് അല്ലാഹുവിന് വേണ്ടിയുള്ള സ്‌നേഹം. അല്ലാഹുവിന് വേണ്ടി സ്‌നേഹിക്കുകയും വെറുക്കുകയും നൽകുകയും തടയുകയും ചെയ്യൽ ഒരുവന്റെ ഈമാനിന്റെ അടയാളമാണ്. പരസ്പരം ശക്തിപകരുന്ന കെട്ടിടം പോലെയാണ് വിശ്വാസികൾ എന്നാണല്ലോ നബിﷺ പറഞ്ഞത്.

**–റഈസുദ്ദീൻ, കണ്ണൂർ**

### കടമ്പകൾ ചാടിക്കടക്കുക

'നേർപഥം' പ്രസിദ്ധീകരിച്ചു തുടങ്ങിയതിനു പിന്നിൽ വലിയ ലക്ഷ്യങ്ങളുണ്ടെന്നതിൽ സംശയമില്ല. പ്രബോധന വീഥിയിൽ അതുല്യമായ സംഭാവനകൾ നൽകാൻ 'നേർപഥ'ത്തിന് കഴിയുമാറാകട്ടെ.

അത്ര സുഗമമല്ല ഇന്ന് ദഅ്‌വത്തിൻെറ മാർഗം. ഏത് പ്രതിസന്ധികളെയും തരണം ചെയ്യാനും വിഷമതകൾ സഹിച്ച് റബ്ബിൻെറ വിധിയിൽ വിശ്വാസമർപിച്ച് പ്രതിഫലേഛയോടെ മുന്നേറാനും സാധിക്കേണ്ടതുണ്ട്. സഹനവും വിട്ടുവീഴ്ചയും അനിവാര്യമായിവരും. സത്യമതത്തിലേക്ക് ക്ഷണിച്ചുകൊണ്ട് കടന്നുവന്ന പ്രവാചകന്മാർക്കും അനുചരന്മാർക്കും ഇത്തരം നിരവധി അനുഭവങ്ങളുണ്ടായിട്ടുണ്ട്. ചിലരെ എതിരാളികളായിരുന്ന സ്വജനത വധിക്കുകപോലുമുണ്ടായിട്ടുണ്ട്. മുഹമ്മദ് നബിﷺയെയും സ്വഹാബത്തിനെയും സ്വന്തം നാട്ടിൽ നിന്ന് പുറത്താക്കിയതും ത്വാഇഫുകാർ കല്ലെറിഞ്ഞ് ഓടിച്ചതും ഈ മാർഗത്തിലായിരുന്നു. അതുകൊണ്ടൊക്കെയായിരിക്കണം ദഅ്‌വത്തിനെക്കുറിച്ച് പ്രതിപാദിക്കുന്നയിടങ്ങളിൽ ക്ഷമയെക്കുറിച്ചും ക്വുർആൻ പ്രത്യേകം ഊന്നിപ്പറയുന്നത്:

"കാലംതന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (103:1-3).

**–മുഹമ്മദ് ജമാൽ കെ.പി, തൃപ്പൂണിത്തുറ**

### പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ വിഷയങ്ങൾ മനസ്സിലാക്കുക

പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ വിഷയങ്ങൾ മനസ്സിലാക്കി കാര്യങ്ങൾ വിലയിരുത്തുക എന്നതാണ് ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ എന്നുമുള്ള നയം. സിഹ്ർബാധ ഒരു സത്യമാണ്. നബിﷺക്ക് സിഹ്ർ ബാധിച്ചതായി ബുഖാരി അടക്കമുള്ള ഹദീഥ് ഗ്രന്ഥങ്ങളിൽ വന്നതും ഇബ്‌നുതൈമിയ്യ, ഇബ്‌നുൽ ക്വയ്യിം, മുഹമ്മദ്ബ്‌നു അബ്ദുൽ വഹാബ് തുടങ്ങിയ സലഫി പണ്ഡിതന്മാർ അംഗീകരിച്ചുപോന്നതുമാണ്. അമാനി മൗലവി, കെ.എം മൗലവി തുടങ്ങിയ മുൻകാല ഇസ്‌ലാഹി പണ്ഡിതന്മാരുടെ നിലപാടുകളും അങ്ങനെത്തന്നെയായിരുന്നു.

ഇടക്കാലത്ത് അൽമനാറിൽ സിഹ്ർ ബാധിക്കുകയില്ല എന്ന് ഞാൻ എഴുതിയിരുന്നു. സുല്ലമുസ്സലാമിൽ പഠിക്കുന്ന കാലത്ത് കെ.കെ മുഹമ്മദ് സുല്ലമിയിൽനിന്നും കിട്ടിയ അറിവിന്റെ അടിസ്ഥാനത്തിൽ എഴുതിയതായിരുന്നു അത്. പിന്നീടാണ് അത് സത്യത്തിന് എതിരാണെന്ന് എനിക്കു മനസ്സിലായത്. ഇങ്ങനെ ഒരു ലേഖനം എഴുതിയ കാര്യം പോലും ഞാൻ മറന്നിരുന്നു. വിവാദങ്ങൾ വന്നപ്പോഴാണ് അത് എന്റെ ശ്രദ്ധയിൽ പെട്ടത്. പിന്നീട് തിരുത്തു കൊടുക്കാനുള്ള അവസരം ഉണ്ടായതുമില്ല. ഇന്ന് അത് പൊക്കിപ്പിടിച്ച് പലരും നടക്കുന്നുണ്ട്. എനിക്ക് ആ വാദമില്ല എന്ന് അറിയിക്കുകയാണ്. മാത്രമല്ല 'ജിന്നുകളുടെ കഴിവുകൾ അഭൗതികമാണ്, അഭൗതികമായി പ്രവർത്തിക്കുന്നവൻ അല്ലാഹു മാത്രമാണ്. അപ്പോൾ സിഹ്‌റിൽ പിശാചിന്റെ ഇടപെടൽ ഉണ്ടെന്നു പറഞ്ഞാൽ അല്ലാഹുവിന്റെ അഭൗതികമായ പ്രവർത്തനത്തിൽ പങ്കുചേർക്കലാണ്' എന്ന ഒരു തത്വമുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ സിഹ്ർ ബാധിക്കുകയില്ല എന്ന നയം ഞാൻ ഉണ്ടാക്കിയിട്ടുമില്ല.

പിശാച് ഇടപെട്ടുകൊണ്ടുള്ള സിഹ്ർ ബാധ പ്രാമാണികമായി തെളിഞ്ഞ കാര്യം തന്നെയാണ്. ഇതാണ് എന്റെ വിശ്വാസം. ഇനി ആദ്യകാലത്ത് ഞാൻ എഴുതിയത് എടുത്തുകാട്ടി എന്റെ ആദർശ ശുദ്ധിയെ ആരും ചോദ്യം ചെയ്യേണ്ടതില്ല.

**–അബ്ദുൽ ഹഖ് സുല്ലമി, ആമയൂർ**

മുഖമൊഴി

# പ്രമാണങ്ങളുടെ കാവലാളാവുക

**അ**ല്ലാഹുവിന്റെ മതമായ ഇസ്‌ലാമിന്റെ ഇതര മതങ്ങളിൽ നിന്നുള്ള ഏറ്റവും മൗലികമായ വ്യതിരിക്തത അതിന്റെ പ്രമാണങ്ങളുടെ ദൈവികതയും അജയ്യതയുമാണ്. ക്വുർആനും ഹദീഥുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ ഇന്ന് ലോകം ഉറ്റുനോക്കുന്നുണ്ട്; എല്ലാവിധ തെറ്റുധരിപ്പിക്കലുകൾക്കിടയിലും. മനുഷ്യജീവിതത്തിന്റെ സർവമണ്ഡലങ്ങളിലേക്കുമുള്ള കൃത്യവും വ്യക്തവും പ്രായോഗികവുമായ നിർദേശങ്ങൾ നൽകുന്നു എന്നതാണ് ഇസ്‌ലാമിക പ്രമാണങ്ങളെ സ്വീകരിക്കാൻ ആളുകൾ വർധിച്ചു വരുന്നു എന്നതിന്റെ അടിസ്ഥാന കാരണം.

പ്രമാണങ്ങളിലേക്ക് ലോകം അടുത്തുവരുന്നത് ഇരുട്ടിനെ പ്രണയിക്കുന്നവർക്ക് അസ്വസ്ഥതകൾ സൃഷ്ടിക്കും എന്നതിൽ സംശയമില്ല. അത്തരം അസ്വസ്ഥതകൾ വളർന്നു വലുതായി ഒരു പ്രത്യേക തരം അവസ്ഥയിലെത്തിയിരിക്കുകയാണിന്ന്. ക്വുർആനിനും ഹദീഥിനും നേരെ ഉയർന്നു വന്നുകൊണ്ടിരിക്കുന്ന പുതിയ ആരോപണങ്ങൾ ഇത്തരം ഒരവസ്ഥയുടെ ഉൽപന്നങ്ങളാണ്. പ്രമാണങ്ങളെ തുറന്ന മനസ്സോടെ ആഴത്തിൽ പഠിച്ചിട്ടല്ല ഇത്തരം വിമർശനങ്ങൾ ഇവർ ഉന്നയിച്ചു കൊണ്ടിരിക്കുന്നത് എന്നതാണ് വാസ്തവം. പ്രമാണങ്ങളെ ആരൊക്കെ നേർക്കുനേരെ പഠിക്കാൻ തുനിഞ്ഞിട്ടുണ്ടോ അവരൊക്കെ പ്രമാണങ്ങളുടെ പ്രചാരകരായി തീർന്നിട്ടുണ്ട് എന്നതാണ് ചരിത്രം.

പ്രമാണങ്ങളുടെ ശക്തി ശരിയാംവണ്ണം തിരിച്ചറിഞ്ഞ എതിരാളികൾ ഈ പ്രമാണങ്ങളുടെ പ്രകാശത്തെ ഊതിക്കെടുത്താനുള്ള പരിശ്രമങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ടെന്നാണ് വർത്തമാനകാലത്തെ ചില സംഭവങ്ങൾ നമ്മോട് പറയുന്നത്. വാർത്താ മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയകളിലൂടെയും നിരന്തരം ക്വുർആൻ, ഹദീഥ് വിമർശനങ്ങൾ പടച്ചുവിട്ടുകൊണ്ടിരിക്കുക എന്നതാണിവരുടെ രീതി. മുസ്‌ലിം നാമധാരികളും പണ്ഡിതവേഷധാരികളും ഇതിലുണ്ട്. പ്രമാണങ്ങളിൽ, വിശിഷ്യാ ഹദീഥുകളിൽ തള്ളിക്കളയേണ്ട പലതും സ്ഥാനം പിടിച്ചിട്ടുണ്ട് എന്ന് വരുത്തിത്തീർക്കാനാണിവർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി ഹദീഥുകളോട് പൊതുസമൂഹത്തിന് അവമതിപ്പുണ്ടാവുന്ന രീതിയിലാണ് ഇത്തരക്കാർ എഴുതുകയും പറയുകയും ചെയ്യുന്നത്.

സത്യത്തിൽ ഇസ്‌ലാമിക പ്രമാണങ്ങൾ; അത് ക്വുർആനാവട്ടെ, ഹദീഥാവട്ടെ പ്രമാദമുക്തമാണെന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യം ഉറക്കെ പറഞ്ഞ് പ്രമാണങ്ങളുടെ കാവലാളാവുക എന്നതാണ് ഇന്ന് വിശ്വാസികളുടെ മൗലിക ദൗത്യം. പ്രമാണ നിരാസം ഒരു ട്രന്റായി മാറിയ ഇന്നത്തെ സാഹചര്യത്തിൽ ആദർശ ഭദ്രതയുള്ളവർക്ക് ഉത്തരവാദിത്തങ്ങൾ വർധിക്കുകയാണ്. അല്ലാഹുവിന്റെ ഈ വചനങ്ങൾ ശ്രദ്ധിക്കുക: 'അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികളള്' (7:157).

"ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ" (4:69).

"(അല്ലാഹുവിന്റെ ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവർ അല്ലാഹുവെ അനുസരിച്ചു" (നിസാഅ്: 80).

"...ആകയാൽ അദ്ദേഹത്തിന്റെ കൽപനക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ച് കൊള്ളട്ടെ" (24:63).

ഇബ്നുകഥീർ പറയുന്നു: "അദ്ദേഹത്തിന്റെ കൽപനക്ക് എതിർ പ്രവർത്തിക്കുന്നവർ സൂക്ഷിച്ച് കൊള്ളട്ടെ" എന്ന ക്വുർആൻ വാക്യത്തിന്റെ ഉദ്ദേശം റസൂൽﷺ നടപ്പിൽ വരുത്തുന്ന നിയമങ്ങൾ, അദ്ദേഹത്തിന്റെ ചര്യകൾ, അവിടുത്തെ വഴികൾ, മാർഗ രീതികൾ എന്നിവയടങ്ങുന്ന കൽപനകൾ എന്നതാണ്. അപ്പോൾ ഏതൊരാളുടെയും മൊഴികളും കർമങ്ങളും വിലയിരുത്തപ്പെടുന്നത് അവ അവിടുത്തെ വാക്കുകളോടും പ്രവൃത്തികളോടും അനുധാവനം ചെയ്ത് കൊണ്ടുള്ളതാണോ അല്ലേ എന്ന് പരിശോധിച്ച് കൊണ്ടായിരിക്കും. അവിടുത്തോട് അനുകരിച്ച് കൊണ്ടാണെങ്കിൽ സ്വീകരിക്കപ്പെടുകയും എതിരായതാണെങ്കിൽ അതിന്റെ ഉറവിടം ഏതാവട്ടെ അത് നിരാകരിക്കപ്പെടുന്നതുമാണ്. ബുഖാരിയും മുസ്‌ലിമുമടക്കമുള്ളവർ റിപ്പോർട്ട് ചെയ്ത ഒരു ഹദീഥിൽ ഇങ്ങനെ കാണാം. നബിﷺപറഞ്ഞു: "നമ്മുടെ കൽപനയില്ലാത്ത ഏതൊരു പ്രവർത്തി ആർ ചെയ്താലും അത് തള്ളപ്പെടേണ്ടതാണ്."

സമകാലികം



# ജെല്ലിക്കെട്ടും ജന്തുക്കളോടുള്ള ഇസ്‌ലാമിക സമീപനവും

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

**ഈ** ലോകത്ത് ജീവിക്കുന്ന സർവ ജീവജാലങ്ങളും കരുണ അർഹിക്കുന്നുണ്ട്. കാരണം, അവയെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ്. കാരുണ്യവാനായ അല്ലാഹുവിന്റെ മതമായ ഇസ്‌ലാം ഓരോ സൃഷ്ടിക്കും അവയുടെ അവകാശങ്ങൾ വകവെച്ച് നൽകിയിട്ടുണ്ട്. ഇസ്‌ലാമിനോളം ഈ വിഷയം കൈകാര്യം ചെയ്ത മതം വേറെയില്ല എന്നതാണ് വസ്തുത.

തമിഴ്‌നാട്ടിൽ പൊങ്കൽ ഉത്സവത്തിന്റെ ഭാഗമായി നടക്കുന്ന ജെല്ലിക്കെട്ട് ഏറെ കോളിളക്കമുണ്ടാക്കിയ പശ്ചാത്തലത്തിൽ മൃഗങ്ങളോടുള്ള ഇസ്‌ലാമിന്റെ സമീപനമാണ് ഈ ലേഖനത്തിൽ ചർച്ചചെയ്യുന്നത്.

B.C 400-100 കാലയളവ് മുതൽ നിലവിലുള്ളതെന്നു പറയപ്പെടുന്ന ആചാരമാണിപ്പോൾ കോടതി വിധിയിലൂടെയും സമൻസിലൂടെയും വിവാദമായിരിക്കുന്നത്.

നിരവധി മൃഗസംരക്ഷണ സംഘടനകൾ മൃഗങ്ങളോടുള്ള ഈ ക്രൂരതക്കെതിരിൽ രംഗത്ത് വന്നിട്ടുണ്ടെങ്കിലും കാര്യമായ ഫലമൊന്നും ഉണ്ടായില്ല. രണ്ട് വർഷത്തെ ഇടവേളക്കു ശേഷം ഈ ജനുവരി 22ന് തമിഴ്‌നാട്ടിലെങ്ങും ജെല്ലിക്കെട്ട് നടന്നു. 2014ൽ സുപ്രീം കോടതി നിരോധിച്ചതിനെ തുടർന്ന് കഴിഞ്ഞ രണ്ടുവർഷവും ജെല്ലിക്കെട്ട് നടന്നിരുന്നില്ല. കഴിഞ്ഞവർഷം പ്രത്യേക ഉ

**പാരമ്പര്യത്തിന്റെ വാലിൽ പിടിച്ചുതൂങ്ങി ഈ ക്രൂരതയെ ന്യായീകരിക്കുന്ന നേതാക്കളെയും അനുയായികളെ യുമാണ് ലോകം കണ്ടത്. മൃഗപീഡനം മാത്രമല്ല ജെല്ലി ക്കെട്ടിലൂടെ നടക്കുന്നത്. ആത്മഹത്യാപരമായ ഒരു 'വിനോദം' കൂടിയാണത്. മനുഷ്യരുടെ മരണത്തിനും അംഗവൈകല്യങ്ങൾക്കും ഇടയാക്കുന്ന തീക്കളി!**

ത്തരവിലൂടെ കേന്ദ്ര സർക്കാർ അനുമതി നൽകിയെങ്കിലും മൃഗക്ഷേമ സംഘടനയായ 'പെറ്റ' നൽകിയ ഹരജിയിൽ സുപ്രീംകോടതി തടയുകയായിരുന്നു.

എന്നാൽ ഈ വർഷം ചിത്രം മാറി. വിദ്യാർഥി-യുവജന വിഭാഗങ്ങളുടെ ശക്തമായ പ്രക്ഷോഭത്തെ തുടർന്ന് പ്രത്യേക ഓർഡിനൻസിന് ഗവർണർ അനുമതി നൽകി. തമിഴ്‌നാട് സർക്കാരിന്റെ നീക്കങ്ങൾക്ക് രാഷ്ട്രപതിയും പ്രധാനമന്ത്രിയും കേന്ദ്ര സർക്കാരും പൂർണ പിന്തുണ നൽകി. മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയുന്ന 1960ലെ കേന്ദ്രനിയമത്തിലെ ഭേദഗതിയോടെ 2017 ജനുവരി 23ന് തമിഴ്‌നാട് മുഖ്യമന്ത്രി ഒ. പനീർശെൽവം അവതരിപ്പിച്ച പുതിയ ബിൽ നിയമസഭയിൽ പാസാക്കിയെടുത്തതോടെ ഈ ആചാരത്തിന് ഇനി നിയമപരമായി അറുതി വരുത്താൻ സാധ്യമല്ല.

പാരമ്പര്യത്തിന്റെ വാലിൽ പിടിച്ചുതൂങ്ങി ഈ ക്രൂരതയെ ന്യായീകരിക്കുന്ന നേതാക്കളെയും അനുയായികളെയുമാണ് ലോകം കണ്ടത്. മൃഗപീഡനം മാത്രമല്ല ജെല്ലിക്കെട്ടിലൂടെ നടക്കുന്നത്. ആത്മഹത്യാപരമായ ഒരു 'വിനോദം' കൂടിയാണത്. മനുഷ്യരുടെ മരണത്തിനും അംഗവൈകല്യങ്ങൾക്കും ഇടയാക്കുന്ന തീക്കളി!

ഇവിടെ ഇസ്‌ലാമിന് ചിലത് പറയാനുണ്ട്. കാരുണ്യത്തിന്റെ മതമായ ഇസ്‌ലാമിന്റെ ഏത് രംഗത്തുമുള്ള നിലപാടുകളും വീക്ഷണങ്ങളും കരുണയിലും സഹാനുഭൂതിയിലും അധിഷ്ഠിതമായിരിക്കും.

**ജീവികളുടെ അവകാശങ്ങൾ ക്വുർആനിൽ**

ഭൂമിയിലെ സർവ ജീവികളും മനുഷ്യരെ പോലെ ഇവിടെ ജീവിക്കാൻ അർഹതയുള്ള സൃഷ്ടികളാണ്. വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക:

"ഭൂമിയിലുള്ള ഏതൊരു ജന്തുവും, രണ്ട് ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലെയുള്ള ചില സമൂഹങ്ങൾ മാത്രമാകുന്നു"(6:38).

ഈ ജീവജാലങ്ങളെല്ലാം തന്നെ അവയുടെ സ്രഷ്ടാവായ അല്ലാഹുവിനെ പ്രകീർത്തിക്കുകയും അവന് സ്‌തോത്രങ്ങൾ അർപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട് എന്നും അല്ലാഹു ഉണർത്തുന്നുണ്ട്:

"ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും, ചിറക് നിവർത്തിപ്പിടിച്ചുകൊണ്ട് പക്ഷികളും അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന് നീ കണ്ടില്ലേ? ഓരോരുത്തർക്കും തന്റെ പ്രാർഥനയും കീർത്തനവും എങ്ങനെയെന്ന് അറിവുണ്ട്. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനത്രെ" (24:41).

അപ്പോൾ ഈ ഭൂമിയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന സർവ ജീവികളും അല്ലാഹുവിനെ തിരിച്ചറിഞ്ഞ് അവന് സ്‌തോത്രങ്ങളർപ്പിച്ച് ജീവിക്കുന്നവയാണ്. അനർഹമായി അവയെ ഉപദ്രവിക്കാനോ വധിക്കാനോ ഇസ്‌ലാം അനുവദിക്കുന്നില്ല.

ഇവയ്ക്കു കൂടി അവകാശപ്പെട്ടതാണ് ഭൂമിയിലെ വിഭവങ്ങൾ എന്ന വീക്ഷണവും ക്വുർആൻ മുന്നോട്ടു വെക്കുന്നുണ്ട്. "അതിനു ശേഷം ഭൂമിയെ അവൻ വികസിപ്പിച്ചിരിക്കുന്നു. അതിൽ നിന്ന് അതിലെ വെള്ളവും സസ്യജാലങ്ങളും അവൻ പുറത്ത് കൊണ്ടുവരികയും ചെയ്തിരിക്കുന്നു. പർവതങ്ങളെ അവൻ ഉറപ്പിച്ചുനിർത്തുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്" (79:30-33).

ജീവജാലങ്ങൾ പരസ്പരം ആശയ വിനിമയം നടത്തുന്നതായും അല്ലാഹു പറയുന്നു. സുലൈമാന്റെ സൈന്യം നിങ്ങളെ നശിപ്പിക്കുന്നതിന് മുമ്പ് നിങ്ങൾ താമസ സ്ഥലത്തേക്ക് പ്രവേശിച്ചു കൊള്ളുക എന്ന് ഉറുമ്പുകളുടെ നേതാവ് തന്റെ അനുയായികളോട് പറഞ്ഞതായി ക്വുർആൻ (27:18) അറിയിക്കുന്നുണ്ട്. ഇതിലൂടെ അവയുടെ സംഘ ബോധവും അനുസരണ സ്വഭാവവും കുടി അല്ലാഹു വരച്ചുകാട്ടുകയാണ്. എന്നാൽ, ഭൂമിയിൽ ആധിപത്യവും സ്വതന്ത്രമായ പ്രവർത്തനാധികാരവും മനുഷ്യർക്കാണ് എന്നതാണ് ക്വുർആനിക വീക്ഷണം. അല്ലാഹു പറയുന്നു: "ഭൂമിയെ അവൻ മനുഷ്യർക്കായി വെച്ചിരിക്കുന്നു" (55:10).

മനുഷ്യന്റെ ജീവിതത്തിൽ നിരവധി ജീവജാലങ്ങൾ നേരിട്ടോ അല്ലാതെയോ ഇടപെടുന്നുണ്ട് എന്നത് യാഥാർഥ്യമാണ്. അതുകൊണ്ടായിരിക്കാം മനുഷ്യർക്കുള്ള ഗ്രന്ഥമായ ക്വുർആനിൽ ചില മൃഗങ്ങളെ കുറിച്ച് അല്ലാഹു പരാമർശിക്കുന്നത്. അത് പക്ഷേ, മൃഗങ്ങളുടെ ജീവശാസ്ത്രപരമായ കാര്യങ്ങൾ പഠിപ്പിക്കാനല്ല. പ്രത്യുത, അത്തരം ജീവികളിൽ നിന്ന് മനുഷ്യൻ പഠിക്കേണ്ട ചില സാമൂഹിക പാഠങ്ങളുണ്ട്. അത് പഠിപ്പിക്കാനും സർവോപരി അവയെ കുറിച്ച് ചിന്തിച്ച് സ്രഷ്ടാവിന്റെ മഹത്വം മനസ്സിലാക്കി സൂക്ഷ്മതയോട ജീവിക്കാനുള്ള ഉൾപ്രേരണ നൽകാനുമാണ്.

വിശുദ്ധ ക്വുർആനിലെ അധ്യായങ്ങളുടെ പേരുകൾ പരിശോധിച്ചാൽ നിരവധി ജീവികളുടെ പേരുകളിൽ അധ്യായങ്ങൾ തന്നെ ഉള്ളതായി നമുക്ക് കാണാം. ബക്വറ (പശു), അൻആം (കന്നുകാലികൾ), നഹ്ൽ (തേനീച്ച), നംല് (ഉറുമ്പ്), അൻകബൂത്ത് (ചിലന്തി), ഫീൽ (ആന) തുടങ്ങിയവ ഈ ഇനത്തിൽ പെടുന്നു.

മാനവർക്ക് സന്മാർഗ നിർദേശങ്ങളുമായി അവതീർണമായ ക്വുർആനിൽ എന്തിനാണിത്രയും അധ്യായങ്ങൾ ജീവികളുടെ പേരിൽ അല്ലാഹു നൽകിയത്! ചിന്തനീയമായ വിഷയമാണിത്. ഈ ജീവികളിൽ നിന്നെല്ലാം മനുഷ്യർക്ക് ചിലതൊക്കെ പഠിക്കാനുണ്ട്. ആനയുടെ കരുത്തും ഉറുമ്പിന്റെ പ്ലാനിങ്ങും തേനീച്ചകളുടെ എഞ്ചിനീയറിങ്ങും പശുവിന്റെ ഇണക്കവും ചില സന്ദേശങ്ങൾ നമുക്ക് നൽകുന്നില്ലേ? നായ, കഴുത, ഒട്ടകം, സിംഹം, കുരങ്ങ്, പന്നി, പാമ്പ്, മരം കൊത്തി, കൊതുക്, ഈച്ച, കോവർ കഴുത തുടങ്ങിയ ചെറുതും വലുതുമായ വേറെ ജീവികളെ കുറിച്ചും ക്വുർആനിൽ പരാമർശമുണ്ട്. മനുഷ്യ ജീവിതത്തിൽ നേരിട്ടോ അല്ലാതെയോ ഇടപെടുന്ന ഇത്തരം ജീവികളെ അല്ലാഹു അവന്റെ വിശുദ്ധ ഗ്രന്ഥത്തിൽ പേരെടുത്ത് പറഞ്ഞിട്ടുണ്ടെങ്കിൽ നിർബന്ധമായും ചില സംഗതികൾ നമുക്ക് അവയിൽ നിന്ന് പഠിക്കാനുണ്ട്. അല്ലാഹു പറഞ്ഞു: 'തീർച്ചയായും കന്നുകാലികളിൽ നിങ്ങൾക്ക് ചില ദൃഷ്ടാന്തങ്ങളുണ്ട്' (23:21).

### ജീവികളുടെ അവകാശങ്ങൾ ഹദീഥുകളിൽ

ജീവജാലങ്ങളോട് കരുണയോടു കൂടി പെരുമാറുവാൻ ഇസ്‌ലാം നിർദേശിക്കുന്നു. അറുക്കാൻ വേണ്ടി തുനിയുകയാണെങ്കിൽ പോലും കത്തി നന്നായി മൂർച്ച കൂട്ടണമെന്നും അറുക്കപ്പെടുന്ന മൃഗത്തിന് ആശ്വാസം നൽകണമെന്നുമാണ് നബി ﷺ യുടെ നിർദേശം.

നബി ﷺ പറഞ്ഞു: "ഒരു കുരുവിയെ അറുക്കുന്നവനാണെങ്കിൽ പോലും അവൻ അതിനോട് കരുണ കാണിച്ചാൽ അല്ലാഹു അന്ത്യനാളിൽ അവനോട് കരുണ ചെയ്യും" (സ്വഹീഹുൽ ജാമിഅ്, ഹ.ന: 626).

'കാരുണ്യം ആര് നിഷേധിക്കുന്നുവോ അവന് അന്ത്യനാളിലും കാരുണ്യം തടയപ്പെടും' (മുസ്‌ലിം) എന്നും നബി ﷺ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.



ജീവികളെ വളർത്തുന്നവർ അവയുടെ ഭക്ഷണ കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് കർശന നിർദേശം നബി ﷺ നൽകിയിട്ടുണ്ട്.

ഒരിക്കൽ ഒരു മെലിഞ്ഞൊട്ടിയ ഒട്ടകത്തെ കാണാനിടയായ പ്രവാചകൻ ﷺ പറഞ്ഞു: 'ഇത്തരം ജീവികളുടെ വിഷയത്തിൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. അവയെ നന്നായി തീറ്റുക. നല്ല നിലയിൽ അവയുടെ പുറത്ത് നിങ്ങൾ സഞ്ചരിക്കുകയും ചെയ്യുക' (അബൂദാവൂദ്).

അനർഹമായി ഒരു ജീവിയെ പോലും വധിക്കുന്നത് നബി ﷺ അനുവദിച്ചിട്ടില്ല. അവിടുന്ന് പറഞ്ഞു: 'ആരെങ്കിലും വിനോദത്തിനായി ഒരു കുരുവിയെ വധിച്ചാൽ അന്ത്യനാളിൽ അവനെതിരിൽ അത് അല്ലാഹുവിനോട് ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, ഇയാൾ എന്നെ വധിച്ചു. ആവശ്യത്തിനായിരുന്നില്ല. വെറും വിനോദത്തിന് വേണ്ടിയായിരുന്നു' (നസാഈ).

ജീവനുള്ള ജീവികളെ അംഗഛേദം ചെയ്യുന്നതും പരിക്കേൽപിക്കുന്നതും അവിടുന്ന് ശക്തമായി വിലക്കി. നബി ﷺ പറഞ്ഞു: 'നിങ്ങൾ മൃഗങ്ങളെ അംഗവിഛേദനം നടത്തരുത്. ആരെങ്കിലും അപ്രകാരം ചെയ്താൽ അല്ലാഹു അവനെ ശപിച്ചിരിക്കുന്നു' (ബുഖാരി, മുസ്‌ലിം).

കത്തി മൂർച്ച കൂട്ടണം, ആശ്വാസം നൽകണം, മറ്റു മൃഗങ്ങൾ അറവ് കാണരുത് എന്നിങ്ങനെ അറക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ നബി ﷺ പഠിപ്പിച്ചിട്ടുണ്ട്.

ജീവികളോട് കരുണ കാണിക്കണം എന്ന നിർദേശം നൽകുക മാത്രമല്ല, അതിന് വമ്പിച്ച പ്രതിഫലം ഉണ്ടെന്നു കൂടി ഇസ്‌ലാം പഠിപ്പിച്ചു. അത് സ്വർഗ പ്രവേശനത്തിന് വരെ കാരണമാകുമെന്നാണ് ഇസ്‌ലാം വ്യക്തമാക്കുന്നത്. നായക്ക് വെള്ളം കൊടുത്തതിന്റെ പേരിൽ സ്വർഗ പ്രവേശനത്തിന് അർഹത നേടിയ വ്യക്തിയുടെയും പൂച്ചയെ കെട്ടിയിട്ട് തീറ്റ കൊടുക്കാതെ പീഡിപ്പിച്ച സ്ത്രീയുടെ നരക പ്രവേശനത്തിന് ആ പ്രവർത്തനം കാരണമായതിന്റെയും ചരിത്രം തിരുനബി ﷺ തന്റെ അനുചരൻമാർക്ക് പറഞ്ഞുകൊടുത്തതായി കാണാം. (ബുഖാരി, മുസ്‌ലിം).

തന്നെ തൃപ്തിപ്പെടുത്താൻ ഒരു പക്ഷിക്കുഞ്ഞിനെ സമ്മാനമായി നൽകിയ തന്റെ അനുയായിയോട് അതിനെ തള്ളപ്പക്ഷിക്ക് തിരിച്ച് നൽകുന്നതിലാണ് തന്റെ

സന്തോഷമെന്ന് പഠിപ്പിച്ച (മുസ്‌ലിം) കാരുണ്യത്തിന്റെ തിരുദൂതർ ലോകത്തിന് നൽകിയ സ്‌നേഹത്തിന്റെയും കാരുണ്യത്തിന്റെയും സന്ദേശം വലുതാണ്.

പാരമ്പര്യ ആചാരങ്ങളുടെ ന്യായത്തിൻ മേൽ തൂങ്ങി മൃഗങ്ങളെ അനാവശ്യമായി ദ്രോഹിക്കുന്ന, അതിൽ ആനന്ദം കണ്ടെത്തുന്ന മനുഷ്യർക്ക് മുമ്പിൽ ഇസ്‌ലാമിന്റെ ഇത്തരം വീക്ഷണങ്ങൾ പ്രസക്തമാവുകയാണ്.

ഉറുമ്പുകളെ തീ കൊണ്ട് നശിപ്പിക്കുന്നതിന്റെ ഗൗരവം പോലും നബിﷺ ഉണർത്തിയിട്ടുണ്ട്. പച്ചക്കരളുള്ള ഏത് ജീവിയോട് കാരുണ്യം കാണിച്ചാലും പ്രതിഫലമുണ്ടെന്നും അവിടുന്ന് പഠിപ്പിച്ചു.

കരുണയും അലിവും ആർദ്രതയും അനുകമ്പയും സഹാനുഭൂതിയയുമെല്ലാം ഒരു വിശ്വാസിയുടെ ജീവിതത്തിൽ അവന്റെ ഈമാനിന്റെ (വിശ്വാസത്തിന്റെ) ഭാഗമായി തന്നെ ഉണ്ടാകണമെന്നാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

പാരമ്പര്യത്തിന്റെയും ആചാരങ്ങളുടെയും പേരിൽ നടക്കുന്ന മൃഗ പീഡനങ്ങളെ കാരുണ്യത്തിന്റെ മതമായ ഇസ്‌ലാമിന്റെ അനുയായികൾക്ക് ഒരിക്കലും അംഗീകരിക്കാനാവില്ല. ജനങ്ങൾ വിനോദിക്കുകയാണെന്ന് ആൾക്കൂട്ടത്തിലേക്ക് തുറന്നുവിടുന്ന കാളകൾക്കറിയില്ലല്ലോ. അവയെ ബലംപ്രയോഗിച്ച് കീഴ്‌പെടുത്താൻ ശ്രമിക്കുമ്പോൾ ഭയവിഹ്വലരായി അവ ആക്രമണം നടത്തും. കൊമ്പിൽ കുരുങ്ങിയും ചവിട്ടേറ്റും ആളുകൾക്ക് ജീവഹാനി സംഭവിക്കാനോ മുറിവുപറ്റാനോ ഉള്ള സാധ്യത ഏറെയാണ്. അതുകൊണ്ടുതന്നെ നാശത്തിലേക്ക് സ്വയം നടന്നടുക്കുന്ന ഈ പ്രവർത്തനം ഇസ്‌ലാമികദൃഷ്ട്യാ അനുവദനീയമല്ല. ●

peaceradio
Tune to reality

## പ്രോഗ്രാം ഷെഡ്യൂൾ

**ആരോഗ്യവിചാരം**
**പ്രമേഹം**
**ഡോ. അബ്ദുൽ ജലീൽ, ഡോ. റാം നാരായൺ**
(അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ജനറൽ മെഡിസിൻ എം.ഇ.എസ് മെഡിക്കൽ കോളേജ്)
30.01.2017 തിങ്കൾ 9:00 PM, 11:15 PM
31.01.2017 ചൊവ്വ 10:30 AM

**സവിശേഷം**
**ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ**
31.01.2017 ചൊവ്വ 9:00 PM, 11:15 PM
010217 ബുധൻ 10:30 AM

**കർമസരണി**
**സ്ത്രീകളുടെ ജമാഅത്ത് നമസ്‌കാരത്തിന്റെ വിധി**
**ഹംസ മദീനി**
01.02.17 ബുധൻ 4:30 PM, 9:30 PM
02.02.2017 വ്യാഴം 9:30 AM

**കൂടിക്കാഴ്ച്ച**
**സാംസ്കാരിക ഫാസിസം വേരുറപ്പിക്കുന്നു**
**കെ.ഇ.എൻ കുഞ്ഞഹമ്മദ്**
01.02.17 ബുധൻ 9:00 PM, 1:15 PM
02.02.17 വ്യാഴം 10:30 AM

**സലഫി ദുറൂസ്**
**നുബുവ്വതിന്റെ തെളിവുകൾ: 38**
**അബൂബക്കർ സലഫി**
02.02.2017 വ്യാഴം 4:30 PM, 9:30 PM
03.02.2017 വെള്ളി 9:30 AM

**ജനക്ഷേമം**
**ആരോഗ്യവകുപ്പ്, സേവനങ്ങൾ**
**കെ.അബ്ദുൽ റഷീദ്**
(ഹെൽത്ത് സൂപ്പർവൈസർ
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അലനല്ലൂർ)
02.02.2017 വ്യാഴം 9:00 PM, 11:15 PM
03.02.2017 വെള്ളി 10:30 AM

**തജ്‌വീദ് പഠനം**
**സൂറത് തക്‌വീർ പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
03.02.2017 വെള്ളി 7:45 PM
04.02.2017 ശനി 5:00 PM

**നിയമപാഠം**
**സേവനാവകാശങ്ങൾ: 5**
**അഡ്വ: രാജേഷ് നെടുമ്പ്രം**
(സേവനാവകാശ സമിതി സ്‌റ്റേറ്റ് സെക്രട്ടറി)
**സഹീർ ചിങ്ങത്ത്**
(വിവരാവകാശ പ്രവർത്തകൻ)
**അൻവർ പുലാപ്പറ്റ**
03.02.2017 വെള്ളി
9:00 PM, 11:15 PM
04.02.2017 ശനി 10:30 AM

**അൽ ഉസൂൽ**
**അൽ ജഹാലതുബിറാവി**
**അബ്ദുൽ മാലിക് സലഫി**
04.02.2017 ശനി 4:30 PM, 9:30 PM
05.02.2017 ഞായർ 9:30 AM

പി.വി.എ പ്രിംറോസ്
anilprimrose@gmail.com

കവർ സ്റ്റോറി




# ഹജ്ജ് സബ്സിഡി

## മുസ്‌ലിം സമുദായത്തെ പ്രതിക്കൂട്ടിൽ നിർത്തുന്നതിന് മുമ്പ്

'വീപിംഗ് ബോയ്' (Weeping boy) എന്നൊരു പ്രയോഗമുണ്ട് ഇംഗ്ലീഷിൽ. 'തല്ലുകൊള്ളി പയ്യൻ' എന്ന് മലയാളത്തിലേക്ക് ഇതിനെ പരിഭാഷപ്പെടുത്താം. കയ്യിലിരുപ്പ് കൊണ്ടോ കുരുത്തക്കേടു കൊണ്ടോ തല്ല് കൊള്ളേണ്ടി വന്നവരല്ല യഥാർഥത്തിൽ വീപിംഗ് ബോയ്സ്. മറിച്ച് പതിനാറാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന ഒരു വിചിത്ര സമ്പ്രദായത്തിന്റെ സൃഷ്ടിയാണ് ആ പ്രയോഗം. പഠനത്തിലെ ഉഴപ്പലിന് അക്കാലങ്ങളിൽ ഇംഗ്ലീഷ് രാജവംശങ്ങളിലെ കുമാരൻമാരുടെ ശിക്ഷയേറ്റു വാങ്ങുന്നവരായിരുന്നു ഈ പാവം കുട്ടികൾ. രാജകുമാരൻമാരെ ശാസിക്കുന്നതിനും ശിക്ഷിക്കുന്നതിനും പകരമായി എന്നും ഭത്സനങ്ങളും ദണ്ഡനങ്ങളും ഏറ്റുവാങ്ങേണ്ടി വരുന്ന വീപിംഗ് ബോയ്സിനെ അനുസ്മരിപ്പിക്കുന്ന വിധത്തിലാണ് സമകാലിക സംഭവങ്ങളിൽ ഭരണകൂടം കൈക്കൊള്ളുന്ന ചില ഏകപക്ഷീയ നിലപാടുകൾ.

പറഞ്ഞുവരുന്നത് പുതിയ ഹജ്ജ് സബ്സിഡി വിവാദത്തെ കുറിച്ചാണ്. ആണ്ടുതോറും ഹജ്ജ് സീസണിനോടനുബന്ധിച്ച് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള രണ്ട് ബാനർ ഹെഡ്‌ലൈനുകളുണ്ട്. അതിലൊന്ന് ഹജ്ജ് ക്യാമ്പുമായി ബന്ധപ്പെട്ട് 'ഹാജിമാർക്ക് സ്വാഗതം' എന്നാണെങ്കിൽ മറ്റേത് 'ഹജ്ജ് സബ്സിഡി നിർത്തലാക്കുക' എന്നതായിരിക്കും. വർഷങ്ങളായി മുറതെറ്റാതെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഇതിലെ രണ്ടാമത്തെ തിട്ടൂരത്തിന്റെ പ്രയോക്താക്കൾ കാലാനുസൃതമായി മാറിക്കൊണ്ടിരിക്കും. ഒരിക്കൽ സംഘ്പരിവാർ സംഘടനയാണെങ്കിൽ മറ്റൊരിക്കൽ കേന്ദ്രമന്ത്രിയുടെയോ സുപ്രീംകോടതി ജഡ്ജിയുടെയോ നിർദേശമായിട്ടായിരിക്കും ഇത് കേൾക്കേണ്ടി വരിക. ഏറ്റവുമവസാനം ഇത് പറഞ്ഞ് വെച്ചത് ഹജ്ജ് കമ്മിറ്റിയുടെയും വഖഫ് ബോർഡിന്റെയും ചാർജുള്ള കേരളത്തിന്റെ ബഹുമാന്യനായ തദ്ദേശ സ്വയംഭരണ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയാണ്. അദ്ദേഹം ആദ്യമായല്ല ഇങ്ങനെയൊരു അഭിപ്രായം പറയുന്നത്. കഴിഞ്ഞ വർഷം ഹജ്ജ് ക്യാമ്പിൽ വെച്ച് നടത്തിയ ഇതേ പ്രസ്താവന ഇപ്രാവശ്യം ഡൽഹിയിൽ വാർത്താസമ്മേളനം വിളിച്ച് കൂട്ടി നടത്തിയെന്ന് മാത്രം.

മന്ത്രിയുടെ അഭിപ്രായം യഥാർഥത്തിൽ വ്യക്തിപരമല്ല. കേന്ദ്രസർക്കാർ നൽകിവരുന്ന ഹജ്ജ് സബ്സിഡി കുറച്ച് കൊണ്ടുവന്ന് 2022 ഓടെ പൂർണമായും നിർത്തലാക്കണമെന്ന ജസ്റ്റിസ് ആഫ്താബ് ആലം, ജസ്റ്റിസ് രഞ്ജനാ പി. ദേശായി എന്നിവരടങ്ങിയ സുപ്രീംകോടതി ബെഞ്ചിന്റെ 2012ലെ വിധിയുടെ പശ്ചാത്തലത്തിൽ, കേന്ദ്രസർക്കാർ നിയമിച്ച ആറംഗ സമിതിയുടെ നിർദേശങ്ങൾക്ക് പിന്തുണ പ്രഖ്യാപിക്കുകയാണ് അദ്ദേഹം ചെയ്തത്. 'ഒരാളുടെ പൊരുത്തമില്ലെങ്കിൽ അയാളുടെ കൂടി പണമടങ്ങുന്ന സബ്സിഡി തീർഥാടനത്തിനായി ഉപയോഗിക്കരുത്' എന്നും ഹജ്ജ് എന്നത് 'സമ്പത്തും ആരോഗ്യവും ഉള്ളവർക്ക് മാത്രമുള്ളതാണെന്നും ഇത് മറ്റൊരാളുടെ സമ്പത്തിൽ ചെയ്യേണ്ടതല്ലെ'ന്നുമുള്ള മന്ത്രിയുടെ വിശദീകരണങ്ങളുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യേണ്ടതില്ലെങ്കിലും നിലവിളക്ക്, ശബരിമല സന്ദർശനം, പോലീസുകാരുടെ താടി, മന്ത്രിമന്ദിരത്തിന്റെ പേരിടൽ... തുടങ്ങി മുസ്‌ലിം സമൂഹത്തെ പ്രതിക്കൂട്ടിൽ നിർത്തുന്ന ഏതൊരു വിവാദത്തിലും 'വേറിട്ടു കേട്ടുവോ എന്നൊച്ച'യെന്ന ഭാവത്തിൽ പ്രതികരിക്കുന്ന ഇദ്ദേഹത്തിന്റെ ചേതോവികാരം മനസ്സിലാകുന്നില്ല എന്നത് യാഥാർഥ്യമാണ്.

### ഹജ്ജ് സബ്സിഡിയുടെ ചരിത്രം

മൂന്ന് മാർഗങ്ങളിൽ കൂടിയാണ് തീർഥാടനത്തിനായി സഊദി ഗവൺമെന്റ് സൗകര്യമൊരുക്കിയിരിക്കുന്നത്. കപ്പൽ, വിമാനം, റോഡ് മാർഗേനയാണ് ഇത്. ഇതിൽ വ്യോമ-നാവിക രൂപത്തിലുള്ള യാത്രകളാണ് ഇന്ത്യയിൽ നിന്നുണ്ടായിരുന്നത്. 1995ന് ശേഷം കപ്പൽ മുഖേനയുള്ള സർവീസ് നിർത്തലാക്കുകയും വിമാനയാത്ര കാര്യക്ഷമമാക്കുകയുമാണ് സർക്കാർ ചെയ്തത്.

കൊളോണിയൽ ഭരണകാലത്ത് തുടങ്ങി വെച്ചതാണ് ഹജ്ജ് സബ്സിഡി. 1932ൽ ബോംബെ, കൽക്കത്ത തുറമുഖങ്ങൾ വഴി ഹജ്ജിന് പോകുന്നവർക്ക് പൊതുഖജനാവിൽ നിന്ന് ഇളവുകൾ അനുവദിച്ച് കൊണ്ടുള്ള 'ദി പോർട്ട് ഹജ്ജ് കമ്മിറ്റി ആക്ട്' (The port haj committee act 1959) നിലവിൽ വന്നതോട് കൂടെയാണ് ഹജ്ജിന് സബ്സിഡിക്ക് തുടക്കം കുറിക്കുന്നത്. സ്വാതന്ത്ര്യാനന്തരം-1959ൽ പാസാക്കിയ ഹജ്ജ് കമ്മിറ്റി ആക്ടിലൂടെ ബ്രിട്ടീഷ് ഭരണകാലത്തെ ഇളവുകൾ തുടരുകയായിരുന്നു സർക്കാർ ചെയ്തത്. ഇതിന്റെ പിന്നിലാവട്ടെ യാതൊരു ബാഹ്യസമ്മർദമോ മുസ്‌ലിം പ്രീണനമോ നടന്നിട്ടില്ലെന്നതാണ് വാസ്തവം.



എന്താണ് സബ്സിഡി? ഹജ്ജ് യാത്രികർക്കെല്ലാം സബ്സിഡിയുണ്ടോ? പലരുടെയും ധാരണ അങ്ങനെയാണ്. യഥാർഥത്തിൽ ഓരോ വർഷവും ഹജ്ജിന് പോകുന്ന ലക്ഷക്കണക്കിന് ആളുകളിൽ ചെറിയൊരു ശതമാനത്തിന് മാത്രമെ സർക്കാർ സംവിധാനങ്ങൾ വഴി പോകാൻ അർഹതയുള്ളൂ. അതിന്റെ സെലക്ഷനാണെങ്കിൽ ഏറെ പ്രയാസകരമാണ് താനും. ഇവർക്ക് മാത്രമാണ് സർക്കാർ സബ്സിഡി നൽകുന്നു എന്ന് പറയപ്പെടുന്നത്. ഇതാകട്ടെ വിമാനയാത്രാ ചെലവിൽ മാത്രം പരിമിതമാണ് താനും. ഭക്ഷണം, താമസം, ലഗേജ്... തുടങ്ങി മറ്റു ചെലവുകൾ മുഴുവനും ഹാജിമാർ സ്വയം വഹിക്കേണ്ടതാണ്. ഈ സബ്സിഡി നൽകുന്നത് ഹജ്ജാജികൾക്കാണോ അതോ യാത്രാവാഹനത്തിനാണോ എന്നതാണ് പരിശോധനക്ക് വിധേയമാക്കേണ്ടത്.

### ഹജ്ജ് സബ്സിഡിയുടെ മറവിൽ എയർ ഇന്ത്യാ പ്രീണനം


നഷ്ടത്തിൽ നിന്ന് നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന എയർ ഇന്ത്യയെ രക്ഷിക്കാൻ സർക്കാർ നടത്തുന്ന 'സംഘടിത കൊള്ള'യാണ് ഹജ്ജ് സബ്സിഡിയുടെ ഉള്ളുകള്ളികൾ ചികഞ്ഞാൽ പുറത്ത് വരിക. ഇന്ത്യയിൽ നിന്ന് ഹജ്ജ് സർവീസ് നടത്താൻ ഏകപക്ഷീയമായി എയർ ഇന്ത്യക്കാണ് ഭാരത സർക്കാർ അനുമതി നൽകിയിരിക്കുന്നത്. ആഗോള ടെണ്ടർ വിളിക്കാതെയും മറ്റ് വിമാന സർവീസുകൾ നടത്തുന്ന കമ്പനികളുടെ നിരക്കുകൾ പരിഗണിക്കാതെയുമുള്ള ഈ ധാരണയുടെ വിശദാംശങ്ങൾ പഠിച്ചാൽ ആ രംഗത്ത് നടക്കുന്ന ചൂഷണങ്ങൾ ബോധ്യപ്പെടും.

സീസണെന്ന പേര് വെച്ച് നടക്കുന്ന കഴുത്തറപ്പൻ പരിപാടികളോടെ തുടങ്ങുന്നു ഈ രംഗത്തെ ചൂഷണം. ഉദാഹരണമായി, സാധാരണ സമയങ്ങളിൽ കരിപ്പൂർ എയർപോർട്ടിൽ നിന്ന് ജിദ്ദ എയർപോർട്ടിലേക്ക് 4063 കിലോമീറ്റർ യാത്ര ചെയ്യുന്ന ഒരു യാത്രക്കാരന് നൽകേണ്ടി വരുന്ന സംഖ്യ 2017 ഫെബ്രുവരിയിൽ 14126 രൂപയാണ്. എന്നാൽ ഹജ്ജ് സീണണിൽ ഇത് കുത്തനെ ഉയർത്തും. 2010ൽ 47675 രൂപയും 2011ൽ 54800 രൂപയുമായിരുന്നു ഈ നിരക്ക്. ഇതിൽ നിന്നാണ് എയർ ഇന്ത്യക്ക് സർക്കാർ സബ്സിഡി നൽകുന്നത്. ഇതാകട്ടെ സബ്സിഡി കുറച്ചാൽ പോലും ഹജ്ജ് സീസണിലല്ലാത്ത ടിക്കറ്റ് നിരക്കുമായി താരതമ്യം ചെയ്താൽ വളരെ കൂടുതലാണ് താനും. ചുരുക്കത്തിൽ സർക്കാറിനെ സംബന്ധിച്ചിടത്തോളം ഷർട്ടിന്റെ പോക്കറ്റിൽ നിന്നും പണമെടുത്ത് പാന്റ്സിന്റെ പോക്കറ്റിലേക്ക് മാറ്റുന്നത് പോലെ നഷ്ടരഹിതമായ ഏർപ്പാട് മാത്രമാണ് ഹജ്ജ് സബ്സിഡി!

### സബ്സിഡിയുടെ പേരിൽ പകൽക്കൊള്ള

ഓരോ ഹജ്ജ് സീസണിനോടൊപ്പവും ഉയർന്നുവരുന്ന സബ്സിഡി വിവാദത്തിന്റെ നിജസ്ഥിതിയാണ് നാം മുകളിൽ വായിച്ചത്. അനർഹമായത് നേടിയെടുത്തു എന്നും ഇതര മത വിശ്വാസികളുടെ നികുതിക്കാശ് കൊണ്ട് മറ്റു മതസ്ഥരെ തീർഥയാത്ര നടത്തിക്കുന്നു എന്നും മതേതര രാഷ്ട്രത്തിന്റെ തിരുമുഖത്ത് കളങ്കമേൽപിച്ചുവെന്നുമെല്ലാമുള്ള ആരോപണത്തിന്റെ യാഥാർഥ്യം ചികഞ്ഞാൽ നാം എത്തിച്ചേരുന്ന വസ്തുതയാണിത്.

**1932ൽ ബോംബെ, കൽക്കത്ത തുറമുഖങ്ങൾ വഴി ഹജ്ജിന് പോകുന്നവർക്ക് ഇളവുകൾ അനുവദിച്ച് കൊണ്ടുള്ള 'ദി പോർട്ട് ഹജ്ജ് കമ്മിറ്റി ആക്ട്' നിലവിൽ വന്നതോട് കൂടെയാണ് ഹജ്ജിന് സബ്സിഡിക്ക് തുടക്കം കുറിക്കുന്നത്. 1959ൽ പാസാക്കിയ ഹജ്ജ് കമ്മിറ്റി ആക്ടിലൂടെ സർക്കാർ ഈ ഇളവുകൾ തുടരുകയായിരുന്നു.**



ശാഖാ ക്ലാസുകളിലും നിശാശിൽപശാലകളിലുമെല്ലാം നിഷ്കളങ്കരായ അണികളെ ജാഗരം കൊള്ളിക്കാൻ തിരഞ്ഞെടുത്ത ഇത്തരം ജൽപനങ്ങളെ ബോധപൂർവം കണ്ടില്ലെന്ന് നടിക്കുന്നതിന് പകരം ക്രിയാത്മകമായി പ്രതികരിക്കുകയാവും ഉചിതം. സബ്സിഡി നിർത്തലാക്കി പ്രസ്തുത തുക മുസ്ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഉപയോഗിക്കണമെന്ന ഓൾ ഇന്ത്യാ മജ്ലിസെ ഇത്തിഹാദുൽ മുസ്ലിമീൻ പ്രസിഡണ്ട് അസദുദ്ദീൻ ഒവൈസി എം.പിയുടെ പ്രസ്താവന ഈ അർഥത്തിൽ ഏറെ പ്രാധാന്യമുള്ളതാണ്.

മുസ്ലിം തീർഥാടകർക്ക് മാത്രമാണ് സബ്സിഡി ലഭിക്കുന്നത് എന്ന പ്രചാരണം തീർത്തും അവാസ്തവും ദുരുദ്ദേശ്യപരവുമാണ്. ഇന്ത്യക്ക് പുറത്തുള്ള എല്ലാ തീർഥാടനകേന്ദ്രങ്ങളിലേക്കുള്ള യാത്രാ ചെലവിലും സർക്കാർ ഈ സബ്സിഡി നൽകുന്നുണ്ട് എന്നതാണ് യാഥാർഥ്യം.

ഇന്ത്യക്ക് പുറത്തുള്ള ഹിന്ദു തീർഥാടന കേന്ദ്രമായ ടിബറ്റിലെ മാനസ സരോവരത്തിലേക്ക് പോകാനും ക്രൈസ്തവ വിശുദ്ധ നഗരമായ ജറൂസലേം ദേവാലയത്തിലേക്ക് പോകാനും ഇങ്ങനെ സർക്കാർ സബ്സിഡി നൽകാറുണ്ടെന്നും 2014ൽ കേരളത്തിലെ 42 പേരടക്കം ഇന്ത്യക്കാരായ 1042 ഹിന്ദു തീർഥാടകർ മാനസ സരോവരിലേക്ക് തീർഥയാത്ര നടത്തിയിട്ടുണ്ടെന്നും ക

**മറ്റുള്ളവർ വരുത്തി വെക്കുന്ന വിനകൾക്ക് തല്ലുകൊള്ളാനുള്ള 'വീപിംഗ് ബോയി'യാവാൻ മുസ്‌ലിം സമുദായം ഒരുക്കമല്ല എന്ന് ഉറക്കെ പറയേണ്ട സമയത്ത് പോലും സ്വസമുദായത്തിനെതിരെ ശബ്ദിച്ചാൽ മതേതരപ്പട്ടികയിൽ സ്ഥാനം പിടിക്കാമെന്ന് വ്യാമോഹിക്കുന്നവരുടെ കൂട്ടത്തിലായിരിക്കരുത് ക്രാന്തദർശിത്വമുള്ള രാഷ്ട്രീയ നേതാക്കന്മാരുടെ സ്ഥാനം.**



മ്യൂണിസ്റ്റ് നേതാവ് സഖാവ് പി.കെ പ്രേംനാഥ് വിവരാവകാശ രേഖകൾ വെച്ച് സമർഥിക്കുന്നുണ്ട്. മാത്രമല്ല കുംഭമേള, അമർനാഥ് യാത്ര തുടങ്ങിയവക്കെല്ലാം ധാരാളം ഫണ്ടുകൾ കേന്ദ്ര ഗവണ്മെന്റ് നീക്കിവെക്കാറുമുണ്ട്. ഹജ്ജ് യാത്രക്കാരുടെ ആനുകൂല്യത്തെ ചൊല്ലി തമിഴ്നാട്ടിൽ വികാരമിളക്കി വിടാൻ ശ്രമിച്ച വർഗീയവാദികൾക്കെതിരെ മറ്റു മതസ്ഥർക്ക് ലഭിച്ച ആനുകൂല്യങ്ങൾ എണ്ണിപ്പറഞ്ഞ് മറുപടി നൽകിയ, ഈയിടെ അന്തരിച്ച ജയലളിതയുടെ പാർലമെന്ററി പ്രസംഗം ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നായിരുന്നു.

ചുരുക്കത്തിൽ സബ്സിഡികൾ എന്ന് പറയുന്നത് സർക്കാർ നൽകുന്ന ഔദാര്യമല്ല. മറിച്ച്, ബഹുമുഖമായ താൽപര്യങ്ങൾ മുൻനിർത്തി സർക്കാർ നടത്തുന്ന പദ്ധതികളാണ് എന്നാണ് നമുക്ക് ബോധ്യമാവുന്നത്. ഇത് മനസ്സിലാക്കിയാലും ഇല്ലെങ്കിലും അനവസരത്തിൽ മതേതര കുപ്പായം തുന്നാൻ ശ്രമിച്ചാൽ സ്വയം അപഹാസ്യരാവുകയേ ഉള്ളൂ എന്നത് ജനപ്രതിനിധികൾ ഓർക്കുന്നത് നന്ന്. രാജ്യത്തെ വർഗീയവാദികളിൽ നിന്ന് കേൾക്കുന്നതല്ല ഫാസിസ്റ്റ് വിരുദ്ധരിൽ നിന്ന് മതേതരബോധമുള്ളവർ പ്രതീക്ഷിക്കുന്നത്; അത് സ്വന്തം സമുദായത്തെ കുറിച്ചുള്ള പ്രസ്താവനകളായാൽ പോലും.

### സബ്സിഡിയുമായി ബന്ധപ്പെട്ട് മുന്നോട്ട് വെക്കാനുള്ള നിർദേശങ്ങൾ

ഹജ്ജ് സബ്സിഡി 2022ഓട് കൂടി പാടെ നിർത്തലാക്കുന്ന രൂപത്തിൽ ഘട്ടംഘട്ടമായി കുറച്ച് കൊണ്ട് വരാനുള്ള സുപ്രീംകോടതിയുടെ നിർദേശം പഠിച്ച് നടപ്പിലാക്കുന്നതിന്റെ പ്രായോഗികരൂപം ആവിഷ്കരിക്കാനായി കേന്ദ്ര സർക്കാർ ആറംഗ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, അതിന്റെ ഗുണഭോക്താക്കൾ എന്ന് വിളിക്കുന്ന മുസ്‌ലിം സമുദായത്തിന് സർക്കാറിന്റെ മുന്നിൽ വെക്കാനുള്ള നിർദേശങ്ങൾ ഏറെ പ്രസക്തമാണ്.

#### A. ബദൽസംവിധാനം കാര്യക്ഷമമാക്കുക

മാർക്കണ്ഡേയ കഠ്ജു അടക്കമുള്ള തലമുതിർന്ന ന്യായാധിപൻമാർ അടങ്ങുന്ന ബെഞ്ച് ഹജ്ജ് സബ്സിഡി നിർത്തലാക്കരുതെന്നും അഭംഗുരം തുടരണമെന്നും ഉത്തരവിട്ടതിനെ മറികടന്ന് പുറപ്പെടുവിച്ച പുതിയ കോടതിവിധിയിൽ സബ്സിഡി നിർത്തലാക്കാൻ പറഞ്ഞ ന്യായീകരണങ്ങൾ ആത്മാർഥമാണെങ്കിൽ പ്രസ്തുത തുക അവർ മുന്നോട്ട് വെച്ച പോലെ വിദ്യാർഥിനികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പിലേക്ക് നീക്കിവെക്കുന്നതിന് പ്രായോഗികമായ നടപടികൾ കൈക്കൊള്ളണം. പലപ്പോഴും പകരം വെക്കുന്ന നിർദേശങ്ങൾ ഭംഗിവാക്കുകളായി പര്യവസാനിക്കുകയും ഒരിക്കലും നടപ്പിലാകാതെ പോവുകയുമാണുണ്ടാവാറ്. പുതിയ കാര്യത്തിൽ സർക്കാറിന്റെ ഭാഗത്ത് നിന്ന് അത്തരമൊരു സമീപനമുണ്ടാവരുത്. കോടതി ഇത് തന്നെ നേരിട്ട് കൃത്യമായി മോണിറ്റർ ചെയ്യാനുള്ള സംവിധാനമൊരുക്കണം.

#### B. കപ്പൽ സർവീസ് പുനരാരംഭിക്കുക

വ്യോമമാർഗേനയുള്ള ഹജ്ജ് തീർഥാടനത്തിന് ആനുകൂല്യങ്ങൾ തുടരാൻ ഗവൺമെന്റ് താൽപര്യമെടുക്കാനുള്ള കാരണമായി പറഞ്ഞത് അക്കാലം വരെ രാജ്യാന്തര സർവീസായി നിലനിന്നിരുന്ന കപ്പൽ വഴിയുള്ള ഹജ്ജ്യാത്ര നിർത്തലാക്കിയതായിരുന്നു. ദീർഘദൂര യാത്രാസൗകര്യമുള്ള ആഡംബരക്കപ്പലുകൾ വ്യാപകമായ സ്ഥിതിക്ക് വ്യോമഗതാഗതത്തോടൊപ്പം നാവികയാത്രാ സൗകര്യവും പുനരാരംഭിക്കേണ്ടതുണ്ട്. മന്ത്രിയടക്കമുള്ളവർ പറഞ്ഞത് പോലെ 'സ്വത്തും ആരോഗ്യവുമുള്ളവർക്ക് മാത്രം നിർബന്ധമായ ഹജ്ജ്കർമം' ഇന്ന് അനുഷ്ഠിച്ച് കൊണ്ടിരിക്കുന്നവരിൽ ഭൂരിഭാഗം പേരും നിത്യചെലവിന് വകയില്ലാത്തവരാണെന്നതാണ് വാസ്തവം. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ ഗതിയില്ലെങ്കിലും മതത്തിൽ ഹജ്ജിനുള്ള പ്രാധാന്യം മനസ്സിലാ

ക്കിയ അന്നുമുതലേ നാണയത്തുട്ടുകള ടക്കം സ്വരുക്കൂട്ടിയുണ്ടാക്കിയ പണമുപ യോഗിച്ച് ഹജ്ജ് യാത്രക്ക് തുക കണ്ടെ ത്തുന്നവർക്ക് ഈ കപ്പൽ സർവീസ് സ ന്തോഷകരമായിരിക്കും, തീർച്ച.

**C. വിമാന സർവീസിന് ആഗോള ടെൻഡർ വിളി ക്കാൻ ഹജ്ജ് കമ്മിറ്റിക്ക് അധികാരം നൽകുക**

നിലവിൽ ഹജ്ജ് വിമാനങ്ങൾ നിശ്ച യിക്കാനുള്ള അവകാശം ഇന്ന് എയർ ഇ ന്ത്യയിൽ പരിമിതമാണ്. എയർ ഇന്ത്യയോ അവർ നിശ്ചയിക്കുന്ന വിമാന സർവീസ് കമ്പനികളോ ആണ് ഹജ്ജ് യാത്രാസൗ കര്യം ഒരുക്കുന്നത്. അതായത് ഇന്ത്യ യിൽ നിന്ന് പുറപ്പെടുന്ന മറ്റ് വിമാന ക മ്പനികളുടെ സേവനത്തിന് പോലും എ യർ ഇന്ത്യക്കാണ് സർക്കാർ ഭീമമായ സ ബ്സിഡി നൽകുന്നതെന്നർഥം. അത് ത ന്നെ എയർ ഇന്ത്യ നിശ്ചയിക്കുന്ന നിര ക്കിന്. സാധാരണ വിമാന ചാർജിനെ അ പേക്ഷിച്ച് മൂന്ന് ഇരട്ടിയോളം വരുന്ന എ യർ ഇന്ത്യയുടെ ഹജ്ജ് നിരക്ക്, ആരോ പിക്കപ്പെട്ട പോലെ കൊള്ളലാഭമെടുക്ക ലല്ല എങ്കിൽ ആഗോള ടെണ്ടർ വിളിച്ച് ആത്മാർഥത തെളിയിക്കേണ്ടതുണ്ട്. മത പരമായ പ്രാധാന്യം കൂടി കണക്കിലെടു ത്ത് ഈ സീസണിൽ സൗദി എയർ ലൈൻസ് പോലുള്ള കമ്പനികൾ കുറ ഞ്ഞ നിരക്കിൽ യാത്രാസൗകര്യമൊരു ക്കുന്നതിൽ മത്സരിക്കുന്ന സമയത്ത് മെ ച്ചപ്പെട്ട സേവനവും മാന്യമായ നിരക്കും പ്രയാസവുമില്ലാതെ കണ്ടെത്താൻ കഴി യുമെന്നത് ഉറപ്പാണ്.


**D. കണക്കുകൾ സുതാര്യമാക്കുക**

നിലവിൽ ഹജ്ജ് സബ്സിഡിയുടെ പേരിൽ നീക്കി വെച്ചുകൊണ്ടിരിക്കുന്ന തുകയും അതിന്റെ കൈമാറ്റ സമയത്തെ കണക്കുകളും തമ്മിൽ ഏറെ അന്തരമു ണ്ടെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ട്. ഇത് ശരിയാണെങ്കിൽ വ്യക്തമായ പകൽ കൊള്ളയാണ് ബന്ധപ്പെട്ടവർ നടത്തി ക്കൊണ്ടിരിക്കുന്നത്. ഈയിടെ ഓൺ ലൈനിൽ ഗുജറാത്തിലെ ഒരു ഐ.പി.എ സ് ഉദ്യോഗസ്ഥന്റെതായി വന്ന ചില ക ണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. പ്രസ് തുത കണക്ക് ഇങ്ങനെയാണ്:

ഹജ്ജിനു വേണ്ടി ഒരു ഹാജി സർക്കാ രിനു കൊടുക്കുന്ന തുക: 185000 രൂപ

സൗദിയിൽ എത്തിയാൽ ഹാജിക്ക് ഹ ജ്ജ് കമ്മിറ്റി തിരിച്ച് നൽകുന്ന തുക: 2100 റിയാൽ അഥവാ 38000 രൂപ

ഹജ്ജ് കമ്മിറ്റിയുടെ കയ്യിൽ ഒരു ഹാ




ജിയുടെ തുകയായി ബാക്കി വരുന്നത് 185000–38000 =147000 രൂപ

ഹജ്ജ് കമ്മിറ്റി എടുക്കുന്ന മറ്റ് ചെലവുകൾ (ഏകദേശം)

മക്കയിലെ താമസം: 50000 രൂപ

മദീനയിലെ താമസം: 20000 രൂപ

വിമാനടിക്കറ്റ് (ചൂഷണമുക്തമായ സാധാരണ നിര ക്ക്): 28000 രൂപ

മറ്റ് ചെലവുകൾ: 25000 രൂപ

ഒരു ഹാജിയുടെ ഹജ്ജ് കഴിയാനുള്ള തുക, മൊ ത്തം = 123000 രൂപ

എല്ലാ ചെലവും കിഴിച്ച് ഒരു ഹാജിയുടെ കയ്യിൽ നിന്നും ഹജ്ജ് കമ്മിറ്റിക്ക് കിട്ടുന്ന തുക: 147000– 123000 = 25000 രൂപ

ഇന്ത്യൻ ഗവൺമന്റ് നൽകുന്ന ഹജ്ജ് സബ്സിഡി: 691 കോടി (2016ലെ കണക്ക്)

മൊത്തം ഹാജിമാർ: 136000 പേർ

6910000000 / 136000 = 50808 രൂപ

ഒരു ഹാജിയുടെ സബ്സിഡിയും ചെലവ് കിഴിച്ച് ബാകി വരുന്ന തുകയും കൂട്ടിയാൽ

50808 + 25000= 75808 രൂപ

മൊത്തം ഹാജിമാരുടെ ചെലവ് കിഴിച്ച് ബാക്കി വ രുന്ന തുകയും സബ്സിഡിയും കൂട്ടിയാൽ

75808 x 136000 =10309888000 (ആയിരത്തി മുപ്പത് കോടി)!

ബാക്കി വരുന്ന 3399888000 രൂപയുടെ കണക്കുകൾ എവിടെ?!

**വ്യോമമാർഗേനയുള്ള ഹജ്ജ് തീർഥാടനത്തിന് ആനുകൂല്യങ്ങൾ തുടരാൻ ഗവൺമെന്റ് താൽപര്യമെടുക്കാനുള്ള കാരണമായി പറഞ്ഞത് അക്കാലം വരെ രാജ്യാന്തര സർവീസായി നിലനിന്നിരുന്ന കപ്പൽ വഴിയുള്ള ഹജ്ജ്യാത്ര നിർത്തലാക്കിയതായിരുന്നു. ദീർഘദൂര യാത്രാസൗകര്യമുള്ള ആഡംബരക്കപ്പലുകൾ വ്യാപകമായ സ്ഥിതിക്ക് വ്യോമഗതാഗതത്തോടൊപ്പം നാവിക യാത്രാ സൗകര്യവും പുനരാംഭിക്കേണ്ടതുണ്ട്.**

ഇക്കാര്യം ശരിയാണെങ്കിൽ സബ്സിഡിയുടെ പേരിൽ നടക്കുന്ന പ്രഹസനം ഇനിയും തുടരേണ്ടതുണ്ടോ എന്ന് നാം ആലോചിക്കേണ്ടതുണ്ട്. ഇനിയത് പൂർണമായും വസ്തുനിഷ്ഠമല്ല എങ്കിൽ കൃത്യമായ കണക്കുകൾ അധികാരികൾ പുറത്ത് വിടേണ്ടതുണ്ട്. മറ്റ് മുഴുവൻ വിവരങ്ങളും സുതാര്യമായി ലഭ്യമാവുന്ന http://www.hajcommittee.gov.inലൂടെ ഇതിന്റെ വിശദാംശങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കാവുന്നതാണ്. സ്വന്തം സ്ഥാവര ജംഗമ സ്വത്തുക്കളിലുള്ള ബാധ്യതകളെല്ലാം കറ തീർത്ത് തീർഥാടനം തിരഞ്ഞെടുക്കുന്ന ഹാജിമാർക്ക് ഈ രംഗത്ത് കൂടിയുള്ള സുതാര്യത ഏറെ ആശ്വാസകരമായിരിക്കും.

**E. പഞ്ചനക്ഷത്ര ഹജ്ജ് 'വിനോദയാത്രകൾ' ഒഴിവാക്കുക**

ഓരോ വർഷവും സർക്കാരിന്റെ സൗഹൃദസംഘമെന്ന പേരിൽ നിരവധി പേരെ വി.ഐ.പി പരിഗണനയിൽ ഹജ്ജിന് കൊണ്ടുപോകുന്ന പതിവുണ്ട്. പലപ്പോഴും ഹജ്ജിന്റെ പരിശുദ്ധി മനസ്സിലാക്കുകയോ അതിന്റെ ആത്മാവ് ഉൾക്കൊള്ളുകയോ ചെയ്യാത്തവരെയായിരിക്കും ഈ യാത്രക്ക് തിരഞ്ഞെടുക്കുക. മാത്രമല്ല ഇവരിൽ പലരും എല്ലാ വർഷവും തുടർച്ചയായി ഈ ലിസ്റ്റിൽ കയറിക്കൂടുന്നുണ്ടെന്നത് യാഥാർഥ്യവുമാണ്. ഹജ്ജാജിമാർക്ക് 'സേവനം' ചെയ്യുന്നതിൽ അതീവ താൽപര്യം കാണിക്കുന്ന ഇവരിൽ എത്ര പേർക്ക് ഇവരുടെ ഉത്തരവാദിത്തങ്ങളെ കുറിച്ച് ബോധ്യമുണ്ടെന്ന ചോദ്യം ചിന്തനീയമാണ്. 2013 ആഗസ്റ്റ് 8ന് 507-ാം നമ്പർ ചോദ്യത്തിന് മറുപടിയായി രാജ്യസഭയിൽ അവതരിപ്പിച്ച കണക്കനുസരിച്ച് പ്രതിവർഷം 500 സീറ്റുകൾ ഇങ്ങനെ മാറ്റിവെയ്ക്കുന്നുണ്ട്. അത് താഴെ പറയുന്ന വിധത്തിലാണ്.

പ്രസിഡന്റ്: 100 സീറ്റ്.
വൈസ് പ്രസിഡന്റ്: 75 സീറ്റ്.
പ്രധാനമന്ത്രി: 75.
വിദേശകാര്യ വകുപ്പ് മന്ത്രി: 50 സീറ്റ്.
ഹജ്ജ് കമ്മിറ്റി: 200 സീറ്റ്.

2016ലെ പ്രസിഡന്റിന്റെ ഹജ്ജ് ക്വാട്ടയിൽ പോയ ആളുകളുടെ ലിസ്റ്റ് പരിശോധിച്ചാൽ 5 കുടുംബത്തിലെ 4 പേർ വീതവും 5 കുടുംബത്തിലെ 3 പേർ വീതവും 28 കുടുംബത്തിലെ 2 പേർ വീതവും വി.ഐ.പി പരിഗണനയിൽ ഹജ്ജ് യാത്ര നടത്തിയിട്ടുണ്ട് എന്ന് മനസ്സിലാക്കാം.

ഹാജിമാരുടെ ക്ഷേമത്തിന് സൗദിയിലെ ഇന്ത്യൻ എംബസിയിൽ തന്നെ വേണ്ടത്ര ആളുകളുണ്ടായിരിക്കെ ഇത്രയും ആളുകളെ സർവസന്നാഹങ്ങളോടെയും എഴുന്നള്ളിക്കേണ്ടതിന്റെ സാംഗത്യം പര്യാലോചിക്കേണ്ടതുണ്ട്.

**സമാപനം**

ഹജ്ജ് സബ്സഡിയുമായി ബന്ധപ്പെട്ട് പതിവ് പോലെ ഉയർന്നുവന്ന ഏതാനും വിവാദങ്ങളുടെ പശ്ചാത്തലത്തിൽ അതിനെക്കുറിച്ച് അൽപമൊന്ന് പഠനവിധേയമാക്കിയപ്പോൾ മനസ്സിലാക്കിയ വിവരങ്ങൾ ഞെട്ടിക്കുന്നതാണ്. 'അടി കൊള്ളാൻ ചെണ്ടയും പണം വാങ്ങാൻ മാരാരു'മെന്ന സ്ഥിതിവിശേഷത്തിന് ഇനിയെങ്കിലും അറുതി വരണം. മറ്റുള്ളവർ വരുത്തി വെക്കുന്ന വിനകൾക്ക് തല്ലുകൊള്ളാനുള്ള 'വീപിംഗ് ബോയി'യാവാൻ മുസ്ലിം സമുദായം ഒരുക്കമല്ല എന്ന് ഉറക്കെ പറയേണ്ട സമയത്ത് പോലും സ്വസമുദായത്തിനെതിരെ ശബ്ദിച്ചാൽ മതേതരപ്പട്ടികയിൽ സ്ഥാനം പിടിക്കാമെന്ന് വ്യാമോഹിക്കുന്നവരുടെ കൂട്ടത്തിലായിരിക്കരുത് ക്രാന്തദർശിത്വമുള്ള രാഷ്ട്രീയ നേതാക്കന്മാരുടെ സ്ഥാനം.

രാജ്യത്തിന് ആവശ്യം സ്വന്തം ദർശനങ്ങളെ മറച്ചുപിടിച്ച് സഹോദര മതസ്ഥരുടെ മുന്നിൽ നല്ല പിള്ള ചമയുന്ന കപട മതേതരരെയല്ല. മറിച്ച്, സ്വജീവിതത്തിലും ബാഹ്യചിഹ്നങ്ങളിലും മതകീയചിന്തകൾ വെച്ചു പുലർത്തുന്നതോടൊപ്പം തന്നെ ഇതര മത-പ്രത്യയശാസ്ത്ര വക്താക്കൾക്കും അത്തരം നിലപാടുകൾ കാത്തുസൂക്ഷിക്കാൻ അവസരം വകവെച്ച് കൊടുക്കാനും, അവരുടെ അവകാശങ്ങൾക്കായി അവരുടെ കൂടെ നിന്ന് പ്രവർത്തിക്കാനുമുള്ള പ്രമാണത്തിലധിഷ്ഠിതമായ, വിശാല മനസ്കതയാണ്. അതിലൂടെ മാത്രമെ പരസ്പരം അടുത്തും അറിഞ്ഞും പഠിച്ചും തിരുത്തിയും മുന്നോട്ട് പോകുന്ന നാനാത്വത്തിൽ ഏകത്വമെന്ന മഹിതാശയം പ്രാവർത്തികമാവൂ. അത്തരമൊരു നല്ല നാളേക്കായി പ്രാർഥിച്ചു കൊണ്ട്. ●

ലേഖനം



# റോഹിങ്ക്യൻ മുസ്‌ലിംകൾ വംശവെറിയുടെ ഇരകൾ

ഡോ. ശബീൽ പി.എൻ
shabeelpn@gmail.com

**ഇ**ത് മ്യാൻമർ. 1948ൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ വാഴ്ചയിൽനിന്ന് സ്വതന്ത്രമായ രാജ്യം. പിന്നീട് പട്ടാള ഭരണത്തിനു കീഴിൽ ജനാധിപത്യവും മൗലികാവകാശങ്ങളും നിഷേധിക്കപ്പെട്ട ഒരു രാജ്യം. 2015ൽ നടന്ന ജനറൽ ഇലക്ഷനിൽ ഓങ് സാങ് സൂകിയുടെ നാഷണൽ ലീഗ് ഫോർ ഡെമോക്രസി അധികാരത്തിൽ വന്നതോടെ ആ രാജ്യം ജനാധിപത്യത്തിലേക്ക് മടങ്ങി വന്നു എന്ന് ലോകം വിശ്വസിച്ചതാണ്. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടും എന്ന് പ്രതീക്ഷിച്ചതാണ്. പക്ഷേ, അതിന് വിരുദ്ധമായ കാര്യങ്ങളാണ് അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

അവിടെ നിന്നാണ് അതി നിഷ്ഠൂരമായ വംശഹത്യയുടെ ഭീകര ദൃശ്യങ്ങളും വാർത്തകളും പുറത്തുവന്നു കാണ്ടിരിക്കുന്നത്. അഹിംസയെ ആദർശമായി സ്വീകരിച്ച ബുദ്ധമതത്തിന്റെ അനുയായികളും നേതാക്കളും സന്ന്യാസിമാരും ഒത്തൊരുമിച്ച് അവിടെയുള്ള റോഹിങ്ക്യൻ മുസ്‌ലിംകളെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുന്നുതിന്റെ കരളലയിപ്പിക്കുന്ന വാർത്തകൾ! ലോകത്തിൽ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെടുന്ന ജനവിഭാഗം

എന്ന് ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി പ്രഖ്യാപിച്ച്; ലോക മനുഷ്യാവകാശ സംഘടന ലോകത്ത് ഏറ്റവും കൂടുതൽ ആക്രമിക്കപ്പെടുകയും വിസ്മരിക്കപ്പെടുകയും ചെയ്ത ജനവിഭാഗമാണ് എന്ന്വിധിയെഴുതിയ വിഭാഗമാണ് റോഹിങ്ക്യൻ മുസ്‌ലിംകൾ.

നൂറ്റാണ്ടുകളുടെ പാരമ്പര്യവും സ്വന്തമായി ഭാഷയും ഉള്ള ആ ജനവിഭാഗത്തിന് സ്വദേശമില്ല. അറുകൊലയിലൂടെ അവരുടെ എണ്ണം ഒരുപാടുകുറഞ്ഞു. അഭയാർഥികളായി വിവിധ നാടുകളിൽ അവർ ചേക്കേറി. പലരും അഭയം നൽകിയില്ല; തങ്ങളുടെ നാട്ടിൽ കാലുകുത്താൻ സമ്മതിച്ചില്ല. തിരിച്ചുപോകാൻ നാടില്ല.കാത്തിരിക്കുന്നത് തല മൊട്ടയടിച്ച വേട്ടനായ്ക്കൾ. അങ്ങനെ നടുക്കടലിൽ മരിച്ചു വീണവരെത്ര! ആസൂത്രിതവും വ്യവസ്ഥാപിതവുമായ വംശഹത്യയുടെ നേർക്കാഴ്ച!

**അൽപം ചരിത്രം**

മനുഷ്യാവകാശ സംഘടനകളുടെ കണക്കുപ്രകാരം 15-20 ലക്ഷം വരെയാണ് ഇവരുടെ മൊത്തം ജനസംഖ്യ. ബർമയിലെ (മ്യാൻമർ) റഖൈൗൻ പ്രദേശത്ത് ക്രി. 1400 മുതൽ താമസിച്ചുവരുന്നവരാണ് ഇവരിലെ തദ്ദേശീയർ. റോഹിങ്ക്യൻ ഭാഷയാണ് സംസാര ഭാഷ.

ബംഗാൾ സുൽത്താന്മാരും ബർമീസ് രാജാക്കന്മാരും അതിർത്തികൾ പങ്കിട്ടിരുന്ന ഈ പ്രദേശത്തേക്ക് അക്കാലത്ത് കൃഷിപ്പണിക്കും മറ്റുമായി കൊണ്ടുവന്നിരുന്ന ബംഗാൾ നിവാസികളും ഈ ജനവിഭാഗത്തിന്റെ ഭാഗമായി മാറി. ബ്രിട്ടീഷുകാർ ബർമയുടെ ആധിപത്യം കൈക്കലാക്കിയ ശേഷം ഫലഭൂയിഷ്ഠമായ അറാക്കാൻ പ്രദേശത്ത് കൃഷിക്ക്വേണ്ടി ധാരാളം ബംഗാൾ നിവാസികളെ ഈസ്റ്റ് ഇന്ത്യ കമ്പനി കൊണ്ടുവന്നു. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബംഗാളിലെ ചിറ്റഗോംഗിൽ നിന്നും മറ്റും ജോലിയാവശ്യാർഥം ധാരാളം പേർ അറാക്കാൻ (റഖൈൗൻ) പ്രദേശത്തേക്ക് കുടിയേറിയിട്ടുമുണ്ട്. 1948ൽ ബർമക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ ബർമയിലേക്ക് പലായനം ചെയ്ത് വന്നവരും ഇവരിലുണ്ട്. ഇത് പോലെ മ്യാൻമറിൽ 135 ഓളം വംശങ്ങളുണ്ട്. ചിൻ, കോമൻ, ക്യാമി എന്നീ വംശക്കാർ വിവിധ രാജ്യങ്ങളിലെ കുടിയേറ്റക്കാരാണ്.

**പ്രശ്നങ്ങളുടെ തുടക്കം**

നൂറ്റാണ്ടുകളായി അറാക്കാൻ പ്രദേശത്ത് ഒരുമിച്ചു താമസിക്കുന്ന ബുദ്ധരും റോഹിങ്ക്യൻ മുസ്‌ലിംകളും തമ്മിൽ സൗഹൃദവും ഇടപഴകലും നിലനിന്നിരുന്നു. നാഫ് പുഴയുടെ (ബർമയുടെയും ബംഗ്ലാദേശിന്റെയും അതിർത്തി) ഇരുവശത്തുമായി താമസിക്കുന്ന ഇവർ തമ്മിൽ കച്ചവട ബന്ധവും സാമൂഹിക ബന്ധവും നിലനിന്നിരുന്നു.

1942ൽ ജനറൽ ന്യൂവിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട 'ബർമീസ് സ്വാതന്ത്ര്യസേന' ബുദ്ധമത വിശ്വാസികൾക്കിടയിൽ റോഹിങ്ക്യൻ വിരുദ്ധ ചിന്ത വളർത്തിയെടുക്കാൻ തുടങ്ങി. റോഹിങ്ക്യൻ മുസ്‌ലിംകൾ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ തൊഴിലാളികളാണ്, അവരുട ജനസംഖ്യ വർധിക്കുന്നത് തങ്ങളുടെ നിലനിൽപിന് ഭീക്ഷണിയാണ് എന്നെല്ലാമുള്ള ചിന്താഗതികൾ വളർത്തിയെടുക്കുന്നതിൽ അവർ വിജയിച്ചു.

രണ്ടാം ലോകമഹായുദ്ധകാലത്ത് ജപ്പാൻ പട്ടാളം ബർമയിലേക്ക് ഇരച്ചുകയറി. ബുന്ധമത വിശ്വാസികൾ ഏറെയുള്ള ജപ്പാനും പ്രാദേശിക ബുദ്ധസേനകളും ബർമയിൽ ആധിപത്യത്തിന് ശ്രമിച്ചപ്പോൾ വടക്കൻ അറാക്കാൻ പ്രദേശത്ത് ബ്രട്ടീഷ് സഹായത്തോടെ അവരുടെ കടന്നുകയറ്റം റോഹിങ്ക്യകൾ തടഞ്ഞു. എങ്കിലും മറ്റു പ്രദേശങ്ങളിൽ ന്യൂനപക്ഷങ്ങൾ ആയ ചൈനീസ് കുടിയേറ്റക്കാരും ക്രിസ്ത്യാനികളും റോഹിങ്ക്യൻ മുസ്‌ലിംകളും വ്യാപകമായി ദേശീയവാദികളുടെ ആക്രമത്തിന് ഇരയായി. ഇവരിൽ പലരും ബംഗാളിലേക്ക് പലായനം ചെയ്തു.

1947ൽ പാക്കിസ്ഥാൻ സ്വതന്ത്ര രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഒരു വിഭാഗം റോഹിങ്ക്യക്കാർ ആ രാജ്യത്തോട് ചേരാൻ ആഗ്രഹിച്ചു. എന്നാൽ ബർമയുടെ പ്രാദേശിക കാര്യങ്ങളിൽ ഇടപെടാൻ മുഹമ്മദലി ജിന്ന വിസമ്മതിക്കുകയാണുണ്ടായത്. വലിയ ഒരു വിഭാഗം ബർമയിൽ തന്നെ തുടരണമെന്നാഗ്രഹിക്കുകയും ചെയ്തു. 1948 ബർമ സ്വതന്ത്ര രാജ്യമായി പ്രഖ്യാപിക്കപ്പെട്ടു, 135ഓളം വരുന്ന വിവിധ വംശീയ മത വിഭാഗങ്ങളെ ഉൾക്കൊണ്ടു കൊണ്ട് നാനാത്വത്തിൽ ഏകത്വം തന്നെയാണ് തുടക്കത്തിൽ ബർമയിലും ഉണ്ടായിരുന്നത്.


എന്നാൽ 1962ൽ സിവിലിയൻ ഭരണകൂടത്തിൽ നിന്ന് അധികാരം ജനറൽ ന്യൂവിൻ പിടിച്ചെടുത്തതോടെ സ്ഥിതിഗതികൾ മാറി. രാജ്യത്തെ ബഹുഭൂരി പക്ഷം വരുന്ന ബുദ്ധസമൂഹത്തെ കയ്യിലെടുക്കുന്നതിനു വേണ്ടി, പട്ടാള സഹായത്തോടെ ന്യൂനപക്ഷ റോഹിങ്ക്യകളെ കശാപ്പ് ചെയ്യാനും സ്ത്രീകളെ ഉപദ്രവിക്കാനും ജന്മനാട്ടിൽ നിന്ന് ആട്ടിയോടിക്കാനും തുടങ്ങി. അറാക്കാനീസ് ഇന്റിപെന്റന്റ് മൂവ്മെന്റ് എന്ന പേരിൽ പ്രവർത്തിക്കുന്ന ബുദ്ധ ഭീകര സംഘടന റോഹിങ്ക്യകളെ വ്യാപകമായി ആക്രമിച്ചു. അവർ തമ്മിലുള്ള പ്രശ്നങ്ങൾ തുടർന്നുകൊണ്ടിരുന്നു. അഹിംസ ആശയമായി പഠിപ്പിച്ച ശ്രീബുദ്ധന്റെ യഥാർഥ അനുയായികൾ അവരുടെ ചെയ്തികളെ എതിർത്തിരുന്നു. എതിർത്ത ബുദ്ധസന്ന്യാസിമാരെ പോലും ഭീകരർ കൊന്നുകളഞ്ഞു. ഫാസിസത്തിന് അവരെ എതിർക്കുന്നവർ ആരായാലും ശത്രുവാണല്ലോ.

**(അവസാനിച്ചില്ല)**

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ബാലപഥം

# നിയമങ്ങൾ പാലിക്കാനുള്ളതാണ്



മഴ തകർത്തു പെയ്യുകയാണ്; തുള്ളിക്കൊരു കുടം കണക്കെ. സുഹൈൽ പട്ടണത്തിലുള്ള ഒരു ദന്തൽ ക്ലീനിക്കിൽ ഡോക്ടറെ കാണാൻ ഉമ്മ വന്നപ്പോൾ കൂടെ വന്നതാണ്. ധാരാളം രോഗികൾ ഡോക്ടറെ കാണാൻ ടോക്കണെടുത്തു നിൽപാണ്. ഇനിയും മണിക്കൂറുകൾ കഴിഞ്ഞാലേ ഡോക്ടറെ കാണാൻ കഴിയൂ. ഒരു ബിൽഡിംഗിന്റെ രണ്ടാം നിലയിലാണ് ക്ലീനിക്ക്. മഴയുടെ താളത്തിൽ ലയിച്ചങ്ങനെ താഴേക്കു നോക്കി നിൽപാണ് സുഹൈൽ.

സ്ത്രീകളും പുരുഷന്മാരും കുട്ടികളുമെല്ലാം മഴയത്ത് വീടുകളിലും മറ്റു ലക്ഷ്യസ്ഥാനങ്ങളിലും എത്തിച്ചേരാനുള്ള തിരക്കിലാണ്. ചിലരുടെ കൈകളിൽ കുടയുണ്ട്. ചിലർ കുടയില്ലാതെ ഓടുന്നു. കുടയുള്ളവർ പോലും മഴയുടെ ശക്തിയിൽ നനയുന്നുണ്ട്. ബസ്സിൽനിന്നും ഇറങ്ങുന്നവരിൽ കുടയില്ലാത്തവർ കടകളുടെ ഓരത്തേക്ക് ഓടിക്കയറുന്നു. ഈ കാഴ്ചകളെല്ലാം സുഹൈലിന് രസകരമായി തോന്നി.

കുറച്ചു സമയം കഴിഞ്ഞപ്പോൾ മഴയുടെ ശക്തിയൊന്നു കുറഞ്ഞു. ആ സമയത്താണ് ഒരു ബാലൻ ഓടുന്നത് സുഹൈലിന്റെ കണ്ണിൽപെട്ടത്. ആളുകളുമായി കൂട്ടിമുട്ടാതിരിക്കുവാൻ വളരെ ശ്രദ്ധിച്ച് ഇടത്തോട്ടും വലത്തോട്ടുമൊക്കെ നോക്കിയാണ് അവന്റെ ഓട്ടം. താമസിയാതെ സുഹൈലിന് ആളെ മനസ്സിലായി. തന്റെ കൂട്ടുകാരൻ റഈസ്!

ട്രാഫിക് സിഗ്നലിനടുത്തെത്തിയപ്പോൾ അവൻ ഓട്ടം നിർത്തി. അവന്റെ കയ്യിലാകട്ടെ കുടയില്ല. വസ്ത്രമെല്ലാം മഴയിൽ നനഞ്ഞുകുതിരുന്നുണ്ട്. അവനാകെ തണുത്തുവിറക്കുന്നുണ്ടാകും. പാവം!

"ഉമ്മാ ഞാനിപ്പോൾ വരാം. എന്റെ കൂട്ടുകാരനുണ്ട് താഴെ മഴയത്തു നിൽക്കുന്നു"- ഇതും പറഞ്ഞ് സുഹൈൽ കുടയുമെടുത്ത് താഴേക്കോടി.

കൂട്ടുകാരന്റെയടുക്കൽ പാഞ്ഞെത്തി സലാം പറഞ്ഞുകൊണ്ട് സുഹൈൽ ചോദിച്ചു:

"റഈസ്, നീ എന്തിനാ ഈ മഴയുംകൊണ്ട് ഇവിടെ നിൽക്കുന്നത്? അപ്പുറത്തേക്കു കടക്കുവാനാണെങ്കിൽ വേഗമങ്ങു കടന്നുകൂടേ? മഴയായതിനാൽ വാഹനങ്ങൾ വളരെ കുറവാണല്ലോ".

റഈസ് സലാം മടക്കി ചുവന്ന സിഗ്നൽ ലൈറ്റിലേക്കു കൈചൂണ്ടിക്കൊണ്ട് പറഞ്ഞു:

"മഴയത്തും എന്നെ പിടിച്ചു നിർത്തിയത് ഈ ലൈറ്റാണ് സ്നേഹിതാ. ഈ ചുവന്ന ലൈറ്റ് കത്തുമ്പോൾ റോഡ് മുറിച്ചുകടക്കാൻ പാടില്ല. അതിനു താഴ ഒരു പച്ച ലൈറ്റുണ്ട്. അത് പ്രകാശിക്കുമ്പഴേ റോഡ് മുറിച്ചുകടക്കാവൂ".

സുഹൈൽ അത്ഭുതത്തോടെ പറഞ്ഞു:

"മഴയെ വകവെക്കാതെ ഇങ്ങനെ നിൽക്കേണ്ടതുണ്ടോ? വാഹനമൊന്നും വരുന്നതു കാണുന്നില്ലെങ്കിൽ പെട്ടെന്നങ്ങ് ഓടിക്കൂടേ?".

"പാടില്ല! മഴയോ വെയിലോ കാരണം അങ്ങനെ ചെയ്തുകൂടാ. ട്രാഫിക് സിഗ്നൽ സുരക്ഷിതമായ യാത്രക്കുള്ള നയമമാണ്. ഒരു മുസ്‌ലിം നിയമങ്ങൾ പാലിക്കുന്നവനായിരിക്കണം. അതുകൊണ്ട് എല്ലാവർക്കും നേട്ടമേയുണ്ടാകൂ. നമ്മൾ അതിനെ അവഗണിച്ച് റോഡ് മുറിച്ചു കടക്കുമ്പോഴായിരിക്കും ചിലപ്പോൾ വല്ല വാഹനവും ചീറിപ്പാഞ്ഞു വരുന്നത്. അത്നമ്മുടെ ജീവൻതന്നെ അപഹരിച്ചേക്കാം. നമ്മുടെ അശ്രദ്ധ കൊണ്ട് നമുക്കും നമ്മുടെ കുടുംബത്തിനും വാഹനത്തിന്റെ ഡ്രൈവർക്കും ഉടമസ്ഥനുമൊക്കെ പ്രയാസങ്ങളുണ്ടാകും എന്നത് നമ്മൾ ഓർക്കേണ്ടതുണ്ട്".

അപ്പോഴേക്കും മഴ ശമിച്ചു. റോഡ് മുറിച്ചുകടക്കുന്നവർക്കുള്ള പച്ച ലൈറ്റ് പ്രകാശിച്ചു. റഈസ് സലാം പറഞ്ഞ് റോഡ് മുറിച്ചു കടക്കാനൊരുങ്ങി.

"സുഹൃത്തേ, നല്ലൊരു അറിവ് നീ എനിക്കു പകർന്നുതന്നു. ഞാനിത് ഒരിക്കലും മറക്കില്ല"- ഇതും പറഞ്ഞ് സുഹൈൽ തന്നെ കാത്തിരിക്കുന്ന ഉമ്മയുടെ അടുത്തേക്ക് നടന്നു.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com





# സ്വർണത്തരിപോൽ പഞ്ചസാര

സ്വർണത്തരികൾ ഒരു പാത്രത്തിലേക്ക് പകരുന്നത് പോലെ, അത്രമേൽ സൂക്ഷിച്ചാണ് ആ പഞ്ചസാരത്തരികൾ ഒരു ഡപ്പിയിലേക്ക് ചൊരിഞ്ഞത്. തൊട്ടടുത്ത കടയിൽ നിന്ന് മകൻ കടലാസിൽ പൊതിഞ്ഞു കൊണ്ടുവന്നതായിരുന്നു ആ പഞ്ചസാര, അവരുടെ അതിഥിക്ക് കട്ടൻ ചായ നൽകി സൽക്കരിക്കാൻ.

ആ വിശേഷ അതിഥി എന്റെ സുഹൃത്തായ സാമൂഹ്യപ്രവർത്തകനായിരുന്നു.

താൻ നേതൃത്വം നൽകുന്ന സംഘടന നൂറുകണക്കിന് കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കുന്നുണ്ട്. അതിൽ ഒരു കുട്ടിയുടെ കുടുംബ വിവരം തിരക്കാനെത്തിയതായിരുന്നു സുഹൃത്ത്. വന്നപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ ദേഷ്യംപിടിപ്പിച്ചു. ക്ലാസ്സിൽ പോകാതെ ആ കുട്ടി ഒരു ഒറ്റത്തോർത്തുടുത്ത് കുടിലിനരികിൽ നിൽക്കുന്നു. ക്ലാസ്സിൽ പോകാത്തതിന് സുഹൃത്ത് കുട്ടിയെ ശാസിച്ചു.

ശബ്ദം കേട്ടുവന്ന അമ്മയാണ് ഫീസ് കൊടുക്കാനില്ലാത്തതിനാൽ ക്ലാസ്സിൽ നിന്ന് പുറത്താക്കിയതിനാലാണ് പോകാത്തതെന്ന വിവരം സങ്കടത്തോടെ അറിയിച്ചത്. തൊട്ടടുത്ത മുതലാളിയുടെ വീട്ടിൽ അടക്കപൊളിച്ച് കാശുണ്ടാക്കി ഫീസ് കൊടുക്കാമെന്നും മകൻ അടക്ക പൊളിക്കാൻ അടുത്ത വീട്ടിൽ പോയിരുന്നതായും ആ അമ്മ കണ്ണിരൊലിപ്പിച്ച് പറഞ്ഞു. സർക്കാർ സ്കൂളിൽ ഫീസ് വളരെ ചുരുങ്ങിയ തുകയാണ് നൽകേണ്ടിയിരുന്നത്.

കുട്ടിയെ ശാസിച്ച സുഹൃത്തിന് സങ്കടമായി. അതിഥിക്ക് ഒരു ഗ്ലാസ് ചായ കൊടുക്കാൻ പോലും ഗതിയില്ലായിരുന്നു ആ വീട്ടിൽ അന്നേരം. സുഹൃത്ത് നൽകിയ നോട്ടുകളിൽ നിന്ന് ഒരെണ്ണവുമായി കുട്ടി ഓടി; അടുത്ത കടയിൽ നിന്ന് പഞ്ചസാര വാങ്ങിക്കാൻ. ആ പഞ്ചസാര തരികളാണ് സ്വർണത്തരികളെക്കാൾ സൂക്ഷിച്ച് ഭരണിയിലാക്കാനൊരുങ്ങുന്നത്. ഒരു തരി പഞ്ചസാരപോലും നഷ്ടപ്പെടരുത്, പാഴാക്കരുത് എന്ന അതിസൂക്ഷ്മത!

നമ്മിൽ പലരുടെയും വീടുകളിൽ പാഴാക്കിക്കളയുന്ന ഭക്ഷ്യവസ്തുക്കൾ എത്ര! പാകം ചെയ്യപ്പെടാതെ നശിപ്പിക്കപ്പെടുന്നവയും! ഓരോ ദിവസവും എത്രയെത്ര വിഭവങ്ങളാണ് അനാവശ്യമായി നശിപ്പിക്കപ്പെടുന്നത്. ഒരു കല്യാണമോ സൽക്കാരമോ ആണെങ്കിൽ പറയാനുമില്ല.

ജീവിതയാത്രയിൽ ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി കഷ്ടപ്പെടുന്നവർ നമുക്ക് ചുറ്റിലുമുണ്ട്. കാണണമെങ്കിൽ അകക്കണ്ണ് തുറന്ന് നോക്കണമെന്ന് മാത്രം.

ഭക്ഷണം പാഴാക്കുമ്പോൾ, ആവശ്യത്തിലധികം വാങ്ങുമ്പോൾ, കഴിച്ചുതീരാത്തതും ഉപയോഗിച്ച് ബാക്കിയാക്കിയതും വേസ്റ്റിലേക്ക് തട്ടുമ്പോൾ ഓർക്കുക, അതിന്റെ ചെറിയൊരു പങ്ക് പറ്റാൻ കാത്തിരിക്കുന്ന അനേകരുണ്ട് നമുക്ക് ചുറ്റും.

ദുർവ്യയം ചെയ്യുന്നവർ വിശുദ്ധ ക്വുർആനിലെ ഈ വചനങ്ങൾ ശ്രദ്ധിക്കുക:

"...നീ (ധനം) ദുർവ്യയം ചെയ്ത് കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു" (അൽഇസ്റാഅ്: 26,27).

"നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (അൽ അഅ്റാഫ്: 31).

ശൈഖ് നാസ്വിറുദ്ദീൻ അൽബാനി
വിവർത്തനം: ശമീർ മദീനി



സലഫീ പ്രബോധനം ഒരു താത്വിക വിശകലനം: 2

# ഹദീഥ് സ്വീകരണത്തിന്റെ മാനദണ്ഡം

സത്യസന്ധമായി ക്വുർആനും സുന്നത്തും പിൻപറ്റുവാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ നബിﷺയുടെ അനുചരന്മാരും താബിഉകളും അവരുടെ അനുയായികളുമടങ്ങുന്ന സലഫുകൾ സഞ്ചരിച്ച മാർഗത്തെ ആശ്രയിക്കൽ അനിവാര്യമാണ്.

പണ്ഡിതന്മാരെന്ന് പറയപ്പെടുന്ന ചിലർ പലപ്പോഴായി ഇതിനെതിരായി പറയാറുള്ള വാക്കുകൾ നിങ്ങൾ കേട്ടിരിക്കും. പക്ഷേ, അത് നേരത്തെ നാം വിശദീരിച്ച ശരിയായ വിജ്ഞാനത്തിന്റെ-അഥവ ക്വുർആനും സുന്നത്തും സലഫുകളുടെ മാർഗവും അവലംബിച്ചുള്ള-മാർഗമല്ല. മറിച്ച് അറിവ്, വിജ്ഞാനം എന്നത് കൊണ്ട് അവൻ ഉദ്ദേശിക്കുന്നത് ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും അവർ നേരിട്ട് ഗ്രഹിക്കുന്നവയെ മാത്രമാണ്. അതിനപ്പുറം പിഴച്ച കക്ഷികളിൽ നിന്ന് അവരെ സംരക്ഷിക്കുന്ന സലഫിന്റെ മാർഗത്തിലേക്ക് അവർ തിരിഞ്ഞ് നോക്കുന്നു പോലുമില്ല.

അതുകൊണ്ട് തന്നെ ഇക്കാലഘട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ചില കാസറ്റുകളിലും പുസ്തകങ്ങളിലുമൊക്കെ നാമുദ്ധരിച്ച ഈ തെളിവുകൾക്കെതിരിൽ പണ്ഡിതന്മാർ എന്ന് പറയപ്പെടുകയും അതിന്റെ വക്താക്കളായി ചമയുകയും ചെയ്യുന്നവരുടെ വാക്കുകളായി പലതും കാണുകയും കേൾക്കുകയും ചെയ്യാം. ഇങ്ങനെയാണവർ പറയാറുള്ളത്; സലഫുകളു(പൂർവികരു)ടെ മാർഗമാണ് ഏറ്റവും സുരക്ഷിതം, എന്നാൽ പിൽക്കാലക്കാരു(ഖലഫുകളു)ടെ മാർഗമാണ് ഏറ്റവും സുദൃഢവും വൈജ്ഞാനികവും!

**വിശ്വാസ കാര്യങ്ങൾ പ്രതിപാദിക്കുന്ന ഹദീഥുകളെ തള്ളാനായി ഹദീഥുകളെ മുതവാതിറാണെന്നും ആഹാദാണെന്നും വേർതിരിച്ച് കൊണ്ട് ഇക്കാലഘട്ടത്തിൽ ചിലർ നടത്തുന്ന അധരവ്യായാമങ്ങൾ നിരർഥകങ്ങളാണ്. കാരണം ഇങ്ങനെയൊരു വേർതിരിവ് സലഫുസ്സ്വാലിഹുകൾക്ക് പരിചയമില്ല. ഈ നൂതനവാദം പടച്ചുണ്ടാക്കിയ പിൻതലമുറക്കാർ അതിന്റെ അടിസ്ഥാനത്തിൽ പല പുതിയ വിധികളും ആവിഷ്കരിക്കുകയും ചെയ്തു.**

വഷളത്തം ഏറ്റുപറഞ്ഞുകൊണ്ടുള്ള വ്യക്തമയ പരസ്യപ്പെടുത്തലാണിത്. വാസ്തവത്തിൽ സന്മാർഗ ചാരികളായ പ്രവാചകനുചരന്മാരുടെ മാർഗം പിൻപറ്റൽ നിർബന്ധമാണെന്ന് തെളിവുദ്ധരിച്ച് നാം പറഞ്ഞതിനെ അംഗീകരിക്കുന്നു എന്ന കുറ്റ സമ്മതം കൂടിയാണിതിലുള്ളത്.

അതായത് സലഫുകളുടെ വിജ്ഞാനം സുരക്ഷിതവും ഖലഫുകൾ ചെയ്തത് സുദൃഢവും ആണെന്ന് പറയുമ്പോൾ നബിﷺയെ പിൻതുടരാൻ നിർദേശിച്ച സലഫുകളുടെ മാർഗത്തെയും ഇവർ കയ്യൊഴിച്ചു എന്നാണർഥം.

സലഫുകളുടെ മാർഗം പിൻപറ്റുന്നവരും നൂതന വാദം മുഖേന ആ മാർഗം കയ്യൊഴിച്ചവരും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്ന ഏതാനം ഉദാഹരണങ്ങൾ വേണമെങ്കിൽ നിരത്താം.

സലഫുസ്സ്വാലിഹുകൾ എന്താണ് പറഞ്ഞതെന്ന് തിരിഞ്ഞ് നോക്കുക പോലും ചെയ്യാത്ത ഇക്കൂട്ടർ കൊണ്ടുവരുന്ന പുതിയ വാദങ്ങളും ചിന്തകളും ക്വുർആനിനും സുന്നത്തിനും വിരുദ്ധമായ നിരർഥക വാദങ്ങളാണെന്ന് നമുക്ക് ഖണ്ഡിതമായിപ്പറയാൻ കഴിയും. കാരണം, നബിﷺയും അവിടുത്തെ സ്വഹാബത്തും താബിഉകളുമൊക്കെ നിലകൊണ്ട മാർഗത്തിനെതിരാണത്.

വിശ്വാസ കാര്യങ്ങൾ പ്രതിപാദിക്കുന്ന ഹദീഥുകളെ തള്ളാനായി ഹദീഥുകളെ മുതവാതിറാണെന്നും ആഹാദാണെന്നും വേർതിരിച്ച് കൊണ്ട് ഇക്കാലഘട്ടത്തിൽ ചിലർ നടത്തുന്ന അധരവ്യായാമങ്ങൾ ഇതിലൊന്നാണ്. കാരണം ഇങ്ങനെയൊരു വേർതിരിവ് സലഫുസ്സ്വാലിഹുകൾക്ക് പരിചയമില്ല. ഈ നൂതനവാദം പടച്ചുണ്ടാക്കിയ പിൻതലമുറക്കാർ അതിന്റെ അടിസ്ഥാനത്തിൽ മറ്റ് പല പുതിയ വിധികളും ആവിഷ്കരിക്കുകയും ചെയ്തു. അങ്ങനെ ആഹാദായ ഹദീഥുകൾ സ്വഹീഹായി വന്നാലും വിശ്വാസ കാര്യങ്ങളുൾകൊള്ളുന്നതാണെങ്കിൽ അവ സ്വീകരിക്കാവതല്ലെന്നും അവർ പറഞ്ഞു. ഈ വിഭജനവും അതിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവും അഥവാ വിശ്വാസകാര്യങ്ങളുൾകൊള്ളുന്ന ഹദീഥുകൾ മുതവാതിറല്ലെങ്കിൽ സ്വീകാര്യമല്ലെന്നും എന്നാൽ അഹ്കാമുകളിൽ (മതവിധികൾ പറയുന്നവ) അവ സ്വീകാര്യമാണെന്നുമുള്ള ഈ വേർതിരിവ്, സലഫുസ്സ്വാലിഹുകളുടെ രീതി മനസ്സിലാക്കിയിട്ടുള്ള ആർക്കും ഇത് ഇസ്‌ലാമിന്റെ പേരിൽ കടത്തിക്കൂട്ടിയ ഒരു പുത്തൻവാദമാണെന്ന് ഉറപ്പിച്ച് പറയാൻ കഴിയുന്നതാണ്. ഇസ്‌ലാമുമായി ബന്ധമില്ലാത്ത ഒരു ഫിലോസഫിയാണത്. ഇത് നമുക്കും അവർക്കും അറിയാവുന്ന വസ്തുതയാണ്. പക്ഷേ, അവർ അറിഞ്ഞ്കൊണ്ട് തന്നെ നിഷേധിക്കുകയാണ്. അല്ലാഹു വേറെ ചിലരെക്കുറിച്ച് പറഞ്ഞത് പോലെ:

"അവയെപ്പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അക്രമവും അഹങ്കാരവും മൂലം അവരതിനെ നിഷേധിച്ചുകളഞ്ഞു. അപ്പോൾ ആ കുഴപ്പക്കാരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക"(27:14).

എല്ലാവർക്കും അറിയുന്ന സംഗതിയാണ്, നബിﷺ മദീനയക്ക് പുറത്തുള്ള വിദൂരവാസികളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുവാൻ സ്വഹാബികളെ പറഞ്ഞയച്ചിരുന്നു എന്ന കാര്യം. നബിﷺ കൊണ്ടുവന്ന വിശ്വാസവും കർമവും എല്ലാം അടങ്ങിയതാണ് ഇസ്‌ലാം എന്നത് ആർക്കാണ് അറിഞ്ഞ് കൂടാത്തത്?

സുന്നത്തിൽ സ്ഥിരപ്പെട്ട സുപ്രസിദ്ധ സംഭവങ്ങളാണ് നബിﷺ യമനിലേക്ക് ചില സന്ദർഭങ്ങളിൽ മുആദ്ﷺവിനെയും മറ്റ് ചില സന്ദർഭങ്ങളിൽ അബൂമൂസൽ അശ്അരിﷺയെയും വേറെ ചിലപ്പോൾ അലിﷺനെയുമൊക്കെ പറഞ്ഞയച്ചത്. ഇത് ഇവർക്കൊക്കെ ﷺഇത് അറിയാവുന്നതാണ്. എന്നിട്ടും അജ്ഞത നടിക്കുന്നുവെന്നു മാത്രം!

നബിﷺ ഇവരെയോക്കെ അവിടേക്ക് പറഞ്ഞയച്ചപ്പോൾ ഈ സ്വഹാബിമാർ അവിടെ ചെന്നിട്ട് എന്താണ് ചെയ്തിരുന്നത്? നിസ്സംശയം, അവർ ജനങ്ങളെ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നതിലേക്കാണ് ക്ഷണിച്ചിരുന്നത്. അതാണ് വാസ്തവത്തിൽ എല്ലാ വിശ്വാസകാര്യങ്ങളുടെയും അടിത്തറ. ശേഷം നബിﷺ കൊണ്ടുവന്ന ഇസ്‌ലാമിക അധ്യാപനങ്ങളിലേക്ക് അവർ ക്ഷണിച്ചു.

സ്വഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലും അനസ്ﷺ ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്: "നബിﷺ മുആദ്ﷺനെ യമനിലേക്ക് അയക്കുമ്പോൾ അദ്ദേഹത്തോട് പറഞ്ഞു: 'നീ അവരെ

ആദ്യമായി ക്ഷണിക്കേണ്ടത് അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരും ഇല്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള സാക്ഷ്യവചനത്തിലേക്കായിരിക്കണം. അതിലവർ നിന്നെ അനുസരിച്ചാൽ നമസ്കാരത്തെക്കുറിച്ച് അവരോട് കൽപിക്കുക...''

ഇവിടെ നബിﷺ മുആദിؓനോട് കൽപിക്കുകയാണ്. അദ്ദേഹമാകട്ടെ ഒരു വ്യക്തിയും. അദ്ദേഹത്തിന്റെ റിപ്പോർട്ട് പിൽക്കാലക്കാരുടെ സാങ്കേതിക പ്രയോഗമനുസരിച്ച് ആഹാദായ ഹദീഥാണ്. എന്നിട്ടും നബിﷺ അദ്ദേഹത്തോട് നിർദേശിക്കുന്നത് ആദ്യമായി അവരെ ക്ഷണിക്കേണ്ടത് അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കാനും അവന് യാതൊരു പങ്കുകാരില്ല എന്നതിലേക്കുമാണ്.

(അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലായെന്ന സാക്ഷ്യപ്രഖ്യാപനത്തിലേക്കായിരിക്കണം ആദ്യമായി അവരെ ക്ഷണിക്കേണ്ടത്.)

സലഫുകളെ പിൻപറ്റുന്നവരും അവരോട് എതിരാവുന്നവരുമൊക്കെ ഒന്നടങ്കം സ്വഹീഹാണെന്ന് സമ്മതിക്കുന്ന ഈ ഹദീഥിനെ അപ്പോൾ നിങ്ങൾ നിരാകരിച്ചു. അതായത്, നബിﷺ മുആദിؓനെ യമനിലേക്ക് അയച്ചു. അദ്ദേഹത്തോട് അവരെ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലായെന്ന സത്യത്തിലേക്ക് (തൗഹീദ്) ക്ഷണിക്കുവാൻ കൽപിക്കുകയും ചെയ്തു. അപ്പോൾ പിന്നെ എങ്ങനെയാണ് ഈ ഹദീഥ് സ്വഹീഹാണെന്നും അതൊടൊപ്പം ആഹാദായ ഹദീഥ് വിശ്വാസ കാര്യത്തിൽ (അഖീദ) സ്വീകര്യമല്ലെന്നും പറയുക!

മുതവാതിർ, ആഹാദ് എന്നിങ്ങനെയുള്ള വേർതിരിവ് കൂടാതെ ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത നബിﷺയുടെ സ്വഹാബത്തിന്റെ മാർഗത്തിൽ നിന്നുള്ള വ്യതിചലനം ഇതിൽ നിന്നും നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകും. വാസ്തവത്തിൽ ക്വുർആനും സുന്നത്തും സലഫുകളുടെ മൻഹജും പിൻപറ്റുന്നതിൽ നിന്നുള്ള വ്യതിയാനത്തിന്റെ അപകടവും ഗൗരവവും ബോധ്യപ്പെടാൻ ബുദ്ധിയുള്ള ഏതൊരു വിശ്വാസിക്കും ഈ ഒരൊറ്റ വിഷയം തന്നെ മതിയാകുന്നതാണ്.

അത്കൊണ്ടുതന്നെ ഈ സച്ചരിതരുടെ പാത പിൻപറ്റാൻ ആഗ്രഹിക്കുന്ന ഏതൊരാളും ക്വുർആനും സുന്നത്തും പഠിക്കുന്നത് പോലെ തന്നെ സ്വഹാബത്തും താബിഉകളും അവരുടെ അനുചരന്മാരും ഒക്കെ അടങ്ങുന്ന പൂർവികരായ സച്ചരിതരുടെ നിലപാടുകളും നടപടിക്രമങ്ങളും തിരിച്ചറിയൽ അനിവാര്യമാണ്. എന്തുകൊണ്ടെന്നാൽ, അവരാണ് ഈ ആദർശം ശരിയായ രൂപത്തിൽ നമുക്ക് എത്തിച്ച് തന്നവർ.

**ഹദീഥുകളെ മുതവാതിറെന്നും ആഹാദെന്നും വേർതിരിച്ച് ആഹാദ് വിശ്വാസ കാര്യങ്ങൽക്ക് രേഖയാക്കാൻ പറ്റില്ലെന്നുള്ള പുത്തൻവാദത്തിലൂടെ അത്ഭുതാവഹമായ ചില വൈരുധ്യങ്ങളിലേക്കാണ് ഇവർ ചെന്ന് വീഴുന്നത്. കാരണം, ചില ഹദീഥുകൾ ഒരേ സമയം അഖീദയും(വിശ്വാസം) കർമവും(ഹുകുമ് അഥവ മതവിധി) ഉൾകൊള്ളുന്നതായിരിക്കും**

ഹദീഥുകളെ മുതവാതിറെന്നും ആഹാദെന്നും വേർതിരിച്ച് ആഹാദ് വിശ്വാസ കാര്യങ്ങൽക്ക് രേഖയാക്കാൻ പറ്റില്ലെന്നുള്ള പുത്തൻവാദത്തിലൂടെ അത്ഭുതാവഹമായ ചില വൈരുധ്യങ്ങളിലേക്കാണ് ഇവർ ചെന്ന് വീഴുന്നത്. കാരണം, ചില ഹദീഥുകൾ ഒരേ സമയം അഖീദയും(വിശ്വാസം) കർമവും(ഹുകുമ് അഥവ മതവിധി) ഉൾകൊള്ളുന്നതായിരിക്കും; ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന, അബുഹുറയ്റؓയുടെ ഹദീഥ് പോലെ: നബിﷺ പറഞ്ഞു: "നിങ്ങളിലാരെങ്കിലും അവസാനത്തെ തശഹ്ഹുദിൽ ഇരുന്നാൽ നാല് കാര്യങ്ങളിൽ നിന്ന് അല്ലാഹുവോട് രക്ഷതേടുക.'' അവിടുന്ന് പറയുന്നു: "അല്ലാഹുവേ, നരകത്തിന്റെ കഠിന ശിക്ഷയിൽ നിന്നും ക്വബ്റിലെ ശിക്ഷയിൽ നിന്നും മസീഹുദ്ദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്നും ജീവിതത്തിലും മരണസമയത്തുള്ള ഫിത്നകളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.''

ഈ ഹദീഥിൽ നാല് കാര്യങ്ങളിൽ നിന്ന് രക്ഷതേടുവാനുള്ള നിർദേശമുണ്ട്. അത് ശരീഅത്തിന്റെ നിയമങ്ങളിൽ പേട്ട ഒന്നാണ്. കർമപരമായ കാര്യങ്ങൾ ആഹാദായ ഹദീഥുകൾ (മുതവാതിർ അല്ലാത്ത ഹദീഥുകൾ) കൊണ്ടും സ്ഥിരപ്പെടുമെന്ന് നമ്മെപോലെ അവരും പറയുന്നതാണല്ലോ. അതിനാൽ ഈ ഹദീഥ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കാൻ അവർക്ക് നിവൃത്തിയുണ്ടാവുകയില്ല. പക്ഷേ, ക്വബ്റിലെ ശിക്ഷയിൽ നിന്നും ജീവിതത്തിലും മരണത്തിലുമുള്ള പരീക്ഷണങ്ങളിൽ നിന്നും മസീഹുദ്ദജ്ജാലിന്റെ കുഴപ്പങ്ങളിൽ നിന്നുമൊക്കെയുള്ള രക്ഷതേടലുകളാണല്ലോ അതിലുള്ളത്. ക്വബ്ർ ശിക്ഷയിൽ ഇവർക്ക് വിശ്വാസമുണ്ടോ?

ഇവിടെ വല്ലാത്തൊരു കുടുക്കിലാണീ കൂട്ടർ ചെന്ന് പെടുന്നത്. ക്വബ്റിലെ ശിക്ഷ എന്നത് വിശ്വാസ കാര്യമാണ്. ഇവരുടെ വാദമനുസരിച്ച് ക്വബ്ർ ശിക്ഷ മുതവാ

**മുശ്‌രികുകൾക്കും മുസ്‌ലിംകളിൽ പെട്ട ചിലർക്കും ക്വബ്‌റിൽ വെച്ച് ശിക്ഷയുണ്ടാകുമെന്ന് ഹദീഥുകളിലൂടെ വ്യക്തമായിട്ടും അവയെല്ലാം പാടെ നിഷേധിക്കുവാനാണ് ഇത്തരക്കാർ ധൃഷ്ടരായത്. അവയെല്ലാം ആഹാദായ ഹദീഥുകളാണ്; മുതവാതിറുകളല്ലായെന്ന തങ്ങളുടെ തത്ത്വശാസ്ത്രം ഒന്ന് കൊണ്ട് മാത്രമാണ് അവർ അപ്രകാരം ചെയ്യുന്നത്.**

തിറായ ഹദീഥ് കൊണ്ട് സ്ഥിരപ്പെട്ടിട്ടുമില്ല. അതിനാൽ ക്വബ്ർ ശിക്ഷയിൽ അവർക്കൊട്ട് വിശ്വാസവുമില്ല! ഫിർഔന്റെ കാര്യത്തിൽ കബ്ർ ശിക്ഷയുണ്ടെന്ന് ക്വുർആനിൽ വന്നിട്ടുണ്ടെന്നതൊഴിച്ചാൽ മറ്റാരുടെ കാര്യത്തിലും അങ്ങനെയൊന്നുറപ്പിക്കുക സാധ്യമല്ല:

"നരകം! രാവിലെയും വൈകുന്നേരവും അവർ അതിനുമുമ്പിൽ പ്രദർശിപ്പിക്കപ്പെടും. ആ അന്ത്യസമയം നിലവിൽ വരുന്ന ദിവസം ഫിർഔന്റെ ആളുകളെ ഏറ്റവും കഠിനമായ ശിക്ഷയിൽ നിങ്ങൾ പ്രവേശിപ്പിക്കുക (എന്ന് കൽപിക്കപ്പെടും)" (40:46).

ഈ നരകത്തെ (അഗ്നി)ക്കുറിച്ച് ഇക്കൂട്ടർ പറയുന്നത് അത് ഫിർഔനിനും കൂട്ടർക്കുമുള്ള ശിക്ഷയാണെന്നാണ്. എന്നാൽ മറ്റ് അവിശ്വാസികളുടെ കാര്യത്തിലും, ക്വബ്‌റിൽ ശിക്ഷയുണ്ടാകുമെന്ന് സ്ഥിരപ്പെട്ട മുസ്‌ലിംകളിലെ ചിലരുടെ വിഷയത്തിലും ഇവർ അങ്ങനെ വിശ്വസിക്കുന്നില്ല. അത് എന്ത് കൊണ്ടെന്നാൽ അവരുടെ, മേൽപറഞ്ഞ പിഴച്ച വാദത്താലാണ്. അതായത്, ഹദീഥ് സ്വഹീഹാണെങ്കിലും മുതവാതിറിന്റ പരിധി എത്തിയിട്ടില്ലെങ്കിൽ അത്കൊണ്ട് അക്വീദ സ്ഥിരപ്പെടുകയില്ല എന്ന വാദം! അക്കാരണത്താൽ ധാരാളക്കണക്കിന് ഹദീഥുകളെ ഇക്കൂട്ടർ നിഷേധിക്കുന്നു. അവരുടെ വാദമനുസരിച്ച് അവയൊന്നും മുതവാതിറിന്റെ പരിധി എത്തിയിട്ടില്ലയെന്ന ഒറ്റക്കാരണം കൊണ്ടാണത്.

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന് ഇമാം ബുഖാരി ഉദ്ധരിച്ച ഹദീഥ് ഒരു പക്ഷേ, നിങ്ങളറിയുന്നതായിരിക്കും. അതായത്, ഒരിക്കൽ നബിﷺ മുസ്‌ലിംകളുടെ രണ്ട് ക്വബ്‌റുകൾക്കരികിലൂടെ നടന്ന് പോയി. അപ്പോൾ അവിടുന്ന് പറഞ്ഞു: "ഇവർ രണ്ടു പേരും ശിക്ഷിക്കപ്പെട്ട് കൊണ്ടിരിക്കുകയാണ്. വലിയ കാര്യത്തിനൊന്നുമല്ല അവർ ശിക്ഷിക്കപ്പെടുന്നത്. അവരിലൊരാൾ ഏഷണിയുമായി നടക്കുമായിരുന്നു. മറ്റെയാൾ മൂത്രത്തിൽ നിന്ന് പൂർണമായും ശുദ്ധിവരുത്തിയിരുന്നില്ല."എന്നിട്ട് നബിﷺ ഒരു ഈന്തപ്പനമടൽ കൊണ്ടുവരാൻ ആവശ്യപ്പെട്ടു, ശേഷം അതിനെ രണ്ടായി പിളർത്തി ഓരോ ക്വബ്‌റിന്റെയും തലഭാഗത്ത് കുത്തി. സ്വഹാബികൾ അതിനെക്കുറിച്ച് ചോദിച്ചപ്പോൾ നബിﷺ പറഞ്ഞു: "ഈ മടൽ പച്ചയായി ഇരിക്കുന്നത്ര സമയം അല്ലാഹു അവർക്ക് ശിക്ഷ ലഘൂകരിച്ച് കൊടുത്തേക്കും"( ബുഖാരി, നസാഈ).

ഈ ഹദീഥ് സ്വഹീഹുൽ ബുഖാരിയിലുള്ളതാണ്. ഈ രണ്ട് വ്യക്തികളും മുസ്‌ലിംകളാണെന്ന് നബിﷺ വ്യക്തമാക്കുകയും ചെയ്തു. എന്നിട്ടും അവർ ശിക്ഷിക്കപ്പെടുകയാണ്, ആ രണ്ട് കമ്പുകൾ പച്ചയായി നിൽക്കുന്നത്ര കാലം അവർക്ക് ശിക്ഷയിൽ ലഘൂകരണത്തിനായി അവിടുന്ന് അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്തു.

ഇത് പോലെയുള്ള വേറെയും ഹദീഥുകളുണ്ട്. നബിﷺ പറയുന്നു: "നിങ്ങൾ മൂത്രത്തിൽ നിന്ന് ശുദ്ധിവരുത്തുവിൻ, നിശ്ചയം ക്വബ്ർ ശിക്ഷയിൽ ഭൂരിഭാഗവും ശുദ്ധി വരുത്താത്തതിന്റെ പേരിലാണ്" (ഇബ്നുമാജ, ദാറക്വുത്‌നി).

ഇങ്ങനെ ധാരാളക്കണക്കിന് ഹദീഥുകളുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല. അതിൽ പെട്ട ഒന്നുകൂടി പറയട്ടെ: ജാഹിലിയ്യത്തിൽ മരണപ്പെട്ട രണ്ട് മുശ്‌രിക്കുകളുടെ ക്വബ്‌റുകൾക്കരികിലൂടെ നബിﷺ നടന്ന് പോയി. അപ്പോൾ അവിടുന്ന് പറഞ്ഞു: "നിങ്ങൾ ക്വബ്‌റടക്കുന്നത് അവസാനിപ്പിച്ച് ഭയചകിതരായി പിൻമാറി പോകുമെന്ന പേടി ഇല്ലായിരുന്നെങ്കിൽ ഞാൻ കേട്ടുകൊണ്ടിരിക്കുന്ന ക്വബ്ർ ശിക്ഷയുടെ ശബ്ദം നിങ്ങളെയും കേൾപിക്കുവാനായി ഞാൻ അല്ലാഹുവോട് ആവശ്യപ്പെടുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

മുശ്‌രികുകൾക്കും മുസ്‌ലിംകളിൽ പെട്ട ചിലർക്കും ക്വബ്‌റിൽ വെച്ച് ശിക്ഷയുണ്ടാകുമെന്ന് ഇത് പോലുള്ള ഹദീഥുകളിലൂടെ വ്യക്തമായിട്ടും അവ സ്വീകരിക്കുവാനോ അവയുടെ ആശയം അംഗീകരിക്കുവാനോ തയാറാകാതെ അവയെല്ലാം പാടെ നിഷേധിക്കുവാനാണ് ഇത്തരക്കാർ ധൃഷ്ടരായത്. അവയെല്ലാം ആഹാദായ ഹദീഥുകളാണ്; മുതവാതിറുകളല്ലായെന്ന തങ്ങളുടെ തത്ത്വശാസ്ത്രം ഒന്ന് കൊണ്ട് മാത്രമാണ് അവർ അപ്രകാരം ചെയ്യുന്നത്.

അപ്പോൾ പിന്നെ മേൽ സൂചിപ്പിച്ച, അബുഹുറയ്‌റﷺയുടെ ഹദീഥിന്റെ കാര്യത്തിൽ അവർ എന്ത് നിലപാട് സ്വീകരിക്കും? അതായത്, 'നിങ്ങളിൽ ആരെങ്കിലും അവസാനത്തെ തശഹ്ഹുദിൽ ഇരുന്നാൽ നാല് കാര്യങ്ങളിൽ നിന്ന് അല്ലാഹുവിനോട് രക്ഷതേടിക്കൊള്ളട്ടെ...' എന്ന ഹദീഥ്! ●

അൻവർ അബൂബക്കർ
manwar78.vkd@gmail.com

ലേഖനം

തീവ്രവാദം വെറുക്കുന്ന മതം: 2

# ബഹുമത സമൂഹത്തിലെ മുസ്‌ലിം

**അ**ല്ലാഹുവിന്റെ നിമയനിർദേശങ്ങൾ അനുസരിച്ച് ജീവിക്കുന്ന വ്യക്തി ഇസ്‌ലാമികേതര വിഭാഗങ്ങളുമായി നന്മയിൽ വർത്തിക്കണമെന്ന നിർദേശമാണ് ക്വുർആൻ നൽകുന്നത്. "മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചേടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ക്വുർആൻ 60:8).

ഇസ്‌ലാമിന്റെ ശത്രുക്കൾ തങ്ങളോട് യുദ്ധത്തിന് വന്നെങ്കിൽ മാത്രമാണ് ഇസ്‌ലാമിക ഭരണകൂടത്തിന് അവരുമായി അങ്ങോട്ട് യുദ്ധം ചെയ്യാൻ അല്ലാഹു അനുവാദം നൽകുന്നത്. അങ്ങനെയെങ്കിൽ അവിടെ പാലിക്കപ്പെടേണ്ട വ്യവസ്ഥകളും ഇസ്‌ലാം മുന്നോട്ട് വെക്കുന്നുണ്ട്. സാരഥ്യം വഹിക്കുന്ന വിഷയം മുതൽനിരപരാധികളെ കൊല്ലരുത്, കായ്കനികൾ നശിപ്പിക്കരുത്, സ്ത്രീകൾ, കുട്ടികൾ തുടങ്ങിയവരെ ഉപദ്രവിക്കരുത് എന്നിങ്ങനെയുള്ള കണിശമായ നിർദേശങ്ങൾ. പ്രവാചകന്റെ കാലഘട്ടത്തിൽ അദ്ദേഹം നയിച്ച യുദ്ധങ്ങളിലെല്ലാം ഓരോ മുസ്‌ലിമിനും വ്യക്തമായ മാതൃകയുണ്ട്. പരിശുദ്ധ ക്വുർആനിന്റെ കൽപനകളെ പച്ചയായ ജീവിതത്തിലൂടെ തുറന്ന് കാണിക്കുകയായിരുന്നു അദ്ദേഹം. "നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല തന്നെ" (ക്വുർആൻ 2:190).



അവിശ്വാസികളിൽ പെട്ട ആരെങ്കിലും യുദ്ധരംഗത്ത് അഭയം ചോദിച്ചു വരികയാണെങ്കിൽ ഒരു മുസ്‌ലിമിന്റെ ഉത്തരവാദിത്തം എന്തായിരിക്കണമെന്ന് അല്ലാഹു പഠിപ്പിക്കുന്നു: "ബഹുദൈവ വിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടുഗ്രഹിക്കാൻവേണ്ടി അവന് അഭയം നൽകുക. എന്നിട്ട് അവന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നത് കൊണ്ടാണത്" (ക്വുർആൻ 9:6).

അമുസ്‌ലിം പൗരൻമാരുമായി വിശ്വാസികൾ വർത്തിക്കുമ്പോൾ അവരുടെ കാര്യത്തിൽ പരിഗണിക്കപ്പെടേണ്ടവ ഒരു താക്കീതെന്നോണമാണ് മുഹമ്മദ് നബി(സ്വ) പഠിപ്പിച്ചത്. "സൂക്ഷിച്ചുകൊള്ളുക! അമുസ്‌ലിം പൗരൻമാരെ വല്ലവരും അടിച്ചമർത്തുകയോ അവരുടെ മേൽ കഴിവിനതീതമായ നികുതി ഭാരം ചുമത്തുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യനാളിൽ അവർക്കെതിരെ ഞാൻ സ്വയംതന്നെ പരാതി ബോധിപ്പിക്കുതാണ്" (അബൂദാവൂദ്).

ഇസ്‌ലാമിനെതിരിൽ ശത്രുക്കൾ യുദ്ധത്തിന് വരുന്ന അനിവാര്യഘട്ടത്തിൽ മാത്രമെ അവർക്കെതിരിൽ യുദ്ധം ചെയ്യാൻ ഇസ്‌ലാമിൽ അനുവാദമുള്ളൂ എന്ന് ഇതിനകം നാം മനസ്സിലാക്കി. മറിച്ചുള്ള സാഹചര്യങ്ങളിൽ സമൂഹത്തിൽ നന്മകൾ വ്യാപിപ്പിക്കാനായി സദാ പ്രയത്നിക്കാനുള്ള പ്രചോദനമാണ് ഇസ്‌ലാം നൽകുന്നത്. "തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്" (ക്വുർആൻ 16:90).

സമൂഹത്തിൽ തിന്മകൾ പകരുന്നത് ഇസ്‌ലാം അത്യധികം വെറുക്കുന്നു. ഏതെങ്കിലും വ്യക്തി ഒരു തിന്മ പ്രവർത്തിക്കാൻ മുതിർന്നാൽ അത് നിറുത്തലാക്കാൻ ശ്രമിക്കേണ്ടത് സത്യവിശ്വാസിയുടെ ബാധ്യതയാണ്. നബി(സ്വ) പറഞ്ഞു: "നിന്റെ സഹോദരൻ അക്രമിയായാലും അക്രമത്തിനിരയായാലും നീ അവനെ സഹായിക്കുക." ഇത് കേട്ട ഒരു അനുചരൻ ചോദിച്ചു: "പ്രവാചകരേ, അക്രമത്തിന് ഇരയാകുമ്പോൾ അവനെ സഹായിക്കാൻ എനിക്കറിയാം. എന്നാൽ അക്രമിയായാൽ എങ്ങനെയാണ് ഞാൻ അവനെ സഹായിക്കുക?" നബി(സ്വ) പ്രതിവചിച്ചു: "അക്രമത്തിൽ നിന്ന് നീ അവനെ തടയണം. അങ്ങനെയാണ് നീ അവനെ സഹായിക്കേണ്ടത്" (ബുഖാരി, മുസ്‌ലിം).

അക്രമങ്ങളും കൊലപാതകങ്ങളും നിറഞ്ഞു നിൽക്കുന്ന ഈ നൂറ്റാണ്ടിൽ മനുഷ്യജീവന് യാതൊരു വിലയുമില്ലാതായിരിക്കുന്നു. അല്ലാഹുവിന്റെ സൃഷ്ടികളിൽ പെട്ട ഓരോ മനുഷ്യരുടെയും ജീവന് ഇസ്‌ലാം നൽകുന്ന വില വളരെ വലുതാണ്. "മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു" (ക്വുർആൻ 5:32).

എതിരാളികളോടുള്ള വിദ്വേഷത്താൽ അവരെ വധിക്കാനുള്ള നിഗൂഢനീക്കങ്ങളും, അതിനുവേണ്ടിയുള്ള സ്വയംഹത്യകളും ഇസ്‌ലാം അനുവദിക്കുന്നില്ല. അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്"(ക്വുർആൻ 17:33).

"...നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു" (ക്വുർആൻ 4:29) എന്നതാണ് അല്ലാഹുവിന്റെ ബോധനം. മുഹമ്മദ് നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു ഇരുമ്പുകൊണ്ട് ആത്മഹത്യ ചെയ്താൽ തന്റെ കൈയിലുള്ള ആ ആയുധം കൊണ്ട് സ്വന്തം ഉദരത്തിൽ കുത്തിക്കൊണ്ടിരിക്കുന്ന നിലയിൽ, ഒരിക്കലും അവസാനിക്കാത്ത വിധം നരകത്തീയിൽ അവൻ ശാശ്വതനായിരിക്കും" (ബുഖാരി). ദിനംതോറും ശ്രവിച്ചുകൊണ്ടിരിക്കുന്ന ഭീക രപ്രവർത്തനങ്ങളും ചാവേർ അക്രമണങ്ങളും പ്രമാണീകരിക്കാൻ ഇസ്‌ലാമിനകത്തുള്ളവർക്ക് ഒരിക്കലും കഴിയില്ല, ന്യായീകരിക്കാനും. മുഹമ്മദ് നബി(സ്വ) പറയുകയുണ്ടായി: "വർഗീയതയെ സഹായിക്കുവാനോ, വർഗീയതയിലേക്ക് ക്ഷണിക്കുവാനോ വേണ്ടി അവ്യക്തമായ കൊടിക്ക് കീഴിൽ ആരെങ്കിലും കൊല്ലപ്പെടുകയാണെങ്കിൽ അത് ജാഹിലിയ്യാ മരണമാകുന്നു" (മുസ്‌ലിം).

ലോകത്തിൽ നീതിയുക്തം പ്രചരിപ്പിക്കേണ്ട സദുപദേശങ്ങൾ നൽകുന്നതോടൊപ്പം അതേ ഗൗരവത്തിൽ തന്നെ സദാചാരവിരുദ്ധവും അനീതിയുമടങ്ങിയ കാര്യങ്ങളിൽ അകപ്പെടാതിരിക്കാനുള്ള മാർഗോപദേശവും ഇസ്‌ലാം നൽകിയിട്ടുണ്ട്. സന്മാർഗനിഷ്ഠരായ വ്യക്തികളെ വളർത്തിയെടുക്കുന്നതിൽ അത് ചെലുത്തിയ സ്വാധീനം ചെറുതല്ല.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 5:8).

മനുഷ്യപ്രകൃതിയോട് പൂർണമായി പൊരുത്തപ്പെടുന്ന ഇസ്‌ലാം മനുഷ്യനെ നന്നാക്കാനും അവന്റെ പാരത്രിക ജീവിതം സുഖകരമാക്കാനുമാണ് ശ്രമിക്കുന്നത്. പ്രകൃതിവിരുദ്ധമായ നിർദേശങ്ങളൊന്നും ഇസ്‌ലാമിക അധ്യാപനങ്ങളിൽ കാണുക സാധ്യമല്ല. മതത്തിൽ അതിരുകവിയരുത് (ക്വുർആൻ 4:171) എന്ന അല്ലാഹുവിന്റെ കൽപന അതാണ് സൂചിപ്പിക്കുന്നത്. മുഹമ്മദ് നബി(സ്വ) പഠിപ്പിച്ചു: "മതത്തിൽഅതി രുകവിയുന്നതിനെ നിങ്ങൾ സൂക്ഷിക്കുക, നിങ്ങളുടെ മുൻഗാമികൾ നശിക്കുവാൻ കാരണം അവരുടെ മതത്തിൽ അവർ അതിരുകവിഞ്ഞതാണ്" (ഇബ്നുമാജ, നസാഇ, അഹ്മദ്)

**(അവസാനിച്ചില്ല)**

മൂസ സ്വലാഹി കാര
moosakara001@gmail.com

ലേഖനം



# വിശ്വാസം ഇസ്‌ലാമിന്റെ അടിസ്ഥാനം

തെളിമയാർന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ചെറുതും വലുതുമായ പാഠങ്ങൾ പഠിപ്പിക്കുന്ന മതമാണ് ഇസ്‌ലാം. ഇസ്‌ലാമിലെ ഏതു കർമത്തിന് പിന്നിലും ഉറച്ച വിശ്വാസമുണ്ടെന്ന സത്യമാണ് വ്യാജ വിശ്വാസാശയങ്ങളിൽ നിന്ന് തികച്ചും അതിനെ വ്യതിരിക്തമാക്കുന്നത്. ഈ വസ്തുത ഉൾക്കൊള്ളുന്നതിലൂടെയാണ് ഒരാൾ യഥാർഥ വിശ്വാസിയാവുകയെന്ന് അല്ലാഹു അറിയിക്കുന്നു:

“സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു” (4:136).

ഇതിന്റെ വിശദീകരണത്തിൽ ശൈഖ് നാസ്വിറുസ്സഅദി(റഹി) പറയുന്നു: “ഇഖ്‌ലാസ്, സത്യസന്ധത, തിന്മകൾ വെടിയൽ, തെറ്റുകളിൽ നിന്ന് തൗബ ചെയ്യൽ തുടങ്ങി വിശ്വാസ കാര്യങ്ങൾ ശരിപ്പെടുത്തണമെന്നും തെളിവുള്ള കാര്യങ്ങളുടെ അർഥം മനസ്സിലാക്കി അതിൽ വിശ്വസിക്കണമെന്നുമാണ് ഈ ആയത്തിൽ കൽപിക്കപ്പെട്ടിട്ടുള്ളത്” (തഫ്സീറുസ്സഅദി/പേജ്-125).

വിശ്വാസം ഇസ്‌ലാമിന്റെ അടിസ്ഥാനമായതിനാൽ അതു സംബന്ധിച്ച് അറിയേണ്ട ചില കാര്യങ്ങൾ ഉണർത്താം.



### 1. വിശ്വാസം സംശയമുക്തമാക്കണം

ഇസ്‌ലാമിൽ വിശ്വസിക്കേണ്ടതായിട്ടുള്ള കാര്യങ്ങൾ സംശയമുക്തമായതിനാൽ അവയിൽ വിശ്വസിക്കുന്നവനും അതിൽ സംശയമുക്തനാകണം. വിശ്വസിക്കേണ്ട കാര്യങ്ങളിൽ ഏറ്റവും പ്രധാനം അല്ലാഹുവിലും പ്രവാചകൻﷺയിലും വിശ്വസിക്കലാണല്ലോ. അല്ലാഹു പറയുന്നു:

“അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാൻമാർ” (49:15).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ(റഹി)പറയുന്നു: “അവർ (വിശ്വാസികൾ) സംശയിക്കാതെയും തെറ്റിപ്പോകാതെയും സത്യപാതയിൽ ഉറച്ച് നിൽക്കുന്നവരായിരിക്കണം” (ഇബ്നുകഥീർ:4/1762).

അബൂഹുറയ്റ(റ)വിൽ നിന്ന്: നബിﷺപറഞ്ഞു: “അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാനിതാ സാക്ഷ്യം വഹിക്കുന്നു.ഈ രണ്ടു കാര്യങ്ങളിൽ യാതൊരു സംശയവുമില്ലാതെ അല്ലാഹുവിനെ കണ്ടുമുട്ടുന്ന ഒരാളും സ്വർഗത്തിൽ പ്രവേശിക്കാതിരിക്കുകയുമില്ല” (മുസ്‌ലിം).

വിശ്വാസത്തിൽ നിന്ന് മനുഷ്യരെ തെറ്റിക്കുന്ന പണിയാണല്ലോ പിശാചിന്റെത്. കുതന്ത്രങ്ങൾ പലതും അതിനായി അവൻ മെനയും. പൈശാചിക കെടുതിയിൽ നിന്ന് രക്ഷപ്രാപിക്കാനുള്ള വഴിയും ഇസ്‌ലാം പഠിപ്പിച്ചു. അല്ലാഹു പറയുന്നു:

“നീ പറയുക: എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. അവർ (പിശാചുക്കൾ) എന്റെ അടുത്ത് സന്നിഹിതരാകുന്നതിൽ നിന്നും എന്റെ രക്ഷിതാവേ, ഞാൻ നിന്നോട് രക്ഷതേടുന്നു'' (23:97,98).

അബൂഹുറയ്റ(റ)വിൽനിന്നു: നബിﷺപറഞ്ഞു: “പിശാച് നിങ്ങളിൽ ഓരോരുത്തരുടെയും അടുക്കൽ വന്നുകൊണ്ട് ഇതാര് സൃഷ്ടിച്ചു, അതാര് സൃഷ്ടിച്ചു എന്നിങ്ങനെ തുടങ്ങി നിന്റെ രക്ഷിതാവിനെ ആര് സൃഷ്ടിച്ചു എന്നത് വരെ ചോദിക്കും. അവിടെ എത്തിയാൽ അവൻ (മനുഷ്യൻ) അല്ലാഹുവിൽ അഭയം പ്രാപിക്കുകയും വിരമിക്കുകയും ചെയ്തുകൊള്ളട്ടെ” (മുസ്‌ലിം).

### 2. വിശ്വാസം കർമസ്വീകാര്യതയുടെ മാനദണ്ഡം

സത്കർമ സമ്പാദനമാണ് പരലോക വിജയത്തിനുള്ള ഏകവഴി. അതിൽ സംഭവിക്കുന്ന പിഴവ് നികത്താനാവാത്ത നഷ്ടമാണ്. അല്ലാഹു പറയുന്നു:

“വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് നാം സ്വർഗത്തിൽ താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകുന്ന ഉന്നത സൗധങ്ങളിൽ താമസസൗകര്യം നൽകുന്നതാണ്. അവർ അവിടെ നിത്യവാസികളായിരിക്കും. പ്രവർത്തിക്കുന്നവർക്കുള്ള പ്രതിഫലം എത്ര വിശിഷ്ടം!”(29:58).

എന്നാൽ വിശ്വാസം ചോർന്നൊലിച്ച മനസ്സോടെ ആരെങ്കിലും പ്രവർത്തിച്ചാൽ അത്തരക്കാരുടെ പ്രവർത്തനങ്ങളെ അല്ലാഹു പരലോകത്ത് വെച്ച് പൊടിച്ചുകളയും. അല്ലാഹു പറയുന്നു:

"അതിൽ (നരകത്തിൽ) ഒരു ഇടുങ്ങിയ സ്ഥലത്ത് ചങ്ങലകളിൽ ബന്ധിക്കപ്പെട്ട നിലയിൽ അവരെ ഇട്ടാൽ അവിടെ വെച്ച് അവർ നാശമേ, എന്ന് വിളിച്ചു കേഴുന്നതാണ്" (25:13).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർﷺപറയുന്നു: "ഇഖ്‌ലാസ്, ഇത്തിബാഅ്എന്നീ മതനിബന്ധകൾ നഷ്ടപ്പെടുത്തിയതിനാലാണിത്. ഇവ രണ്ടുമില്ലാത്ത ഏതു പ്രവർത്തനവും നിരർഥകമാണ്" (ഇബ്നുകഥീർ 3/416).

അബൂഹുറയ്റﷺവിൽ നിന്ന്: നബിﷺ പറഞ്ഞു: "ഉന്നതനും അനുഗ്രഹ പൂർണനുമായ അല്ലാഹു പറഞ്ഞു.പങ്കാളികളുടെ ശിർക്കിൽനിന്നും ഞാൻ ഏറെ ഐശ്യര്യവാനാണ്. ആരെങ്കിലും എന്റെ കൂടെ മറ്റാരെയെങ്കിലും പങ്കുചേർത്ത് കൊണ്ട് വല്ല കർമവും ചെയ്താൽ ഞാൻ അതും ആ പങ്കാളിത്തവും ഉപേക്ഷിക്കും" (മുസ്‌ലിം/2985).

ശിർക്ക്, ബിദ്അത്ത്, കളവ്, കാപട്യം, മതപരിഹാസം തുടങ്ങിയ ദുർഗുണങ്ങൾ വിശ്വാസ മാധുര്യം നുകർന്നവരിൽ നിന്ന് ഉണ്ടാവില്ലെന്ന് അർഥം.

### 3. പ്രവാചകന്മാർ വിശ്വാസം നിലനിർത്തിയവർ

പ്രവാചകൻമാർ അഖിലവും വിശ്വാസത്തെ ഏറ്റവും നന്നായി ശ്രദ്ധിച്ചവരും സൂക്ഷിച്ചവരുമായിരുന്നു. അവരുടെ അനുചരന്മാരും അതേ പാത പിന്തുടർന്നു. വിശ്വാസമുറപ്പിച്ചു എന്ന ഒറ്റക്കാരണത്താലാണ് അവർക്ക് പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നത്. അല്ലാഹു പറയുന്നു:

"പ്രതാപശാലിയും സ്തുത്യർഹനുമായ അല്ലാഹുവിൽ അവർ വിശ്വസിക്കുന്നു എന്നത് മാത്രമായിരുന്നു അവരുടെ (സത്യവിശ്വാസികളുടെ) മേൽ അവർ (മർദകർ) ചുമത്തിയ കുറ്റം"(85:8).

"ഞങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്ക് വന്നപ്പോൾ ഞങ്ങൾ അത് വിശ്വസിച്ചു എന്നത് മാത്രമാണല്ലോ നീ ഞങ്ങളുടെ മേൽ കുറ്റം ചുമത്തുന്നത്. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ മേൽ നീ ക്ഷമ ചൊരിഞ്ഞുതരികയും, ഞങ്ങളെ നീ മുസ്‌ലിംകളായിക്കൊണ്ട് മരിപ്പിക്കുകയും ചെയ്യേണമേ" (7:126).

**വിശ്വാസബോധവും പ്രമാണപ്രതിബദ്ധതയും കർമനിഷ്ഠയുമില്ലെങ്കിൽ സൽസരണിയിൽ നിന്ന് വ്യതിചലിക്കുമെന്നതിൽ സംശയമില്ല. അത്തരം വ്യതിയാന കക്ഷികൾ സമൂഹത്തിൽ ഏറെ ഉടലെടുത്തിട്ടുണ്ട്. ഖവാരിജുകൾ, ക്വദ്‌രിയ്യാക്കൾ, റാഫിളികൾ, ജബ്‌രിയ്യാക്കൾ, മുഅ്തസിലിയാക്കൾ, ശിയാക്കൾ, സ്വൂഫികൾ എന്നിങ്ങനെ നീണ്ടുകിടക്കുന്നു അവരുടെ പട്ടിക.**

വിശ്വാസത്തെ ഇഷ്ടപ്പെട്ട് നമുക്ക് നൽകിയവൻ അല്ലാഹുവാണ്. അതനുസരിച്ച് ജീവിക്കുക എന്ന ബാധ്യത നിറവേറ്റിയാൽ അവനിൽ നിന്നുള്ള പ്രകാശത്തിലും സമാധാനത്തിലുമാണ് നാം നിലക്കൊള്ളുക. അതിനെ വകവെക്കാതിരുന്നാൽ വ്യക്തമായ വഴികേടിലും. അല്ലാഹു പറയുന്നു:

"അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്‌ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും അങ്ങനെ അവൻ തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രകാശത്തിലായിരിക്കുകയും ചെയ്തുവോ (അവൻ ഹൃദയം കടുത്തുപോയവനെപ്പോലെയാണോ?). എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ"(39:22).

### 4. വിശ്വാസ വ്യതിയാനം പിഴവുകൾക്ക് കാരണം

അല്ലാഹു പറയുന്നു: "നിന്റെ രക്ഷിതാവിന്റെ നേരായ മാർഗമാണിത്. ശ്രദ്ധിച്ച് മനസ്സിലാക്കുന്ന ജനങ്ങൾക്ക് വേണ്ടി നാമിതാ ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചിരിക്കുന്നു" (6:126).

സ്വഹാബത്തിന് നബിﷺ നൽകിയ പ്രധാന ഉത്ബോധനം തന്നെ ഈ മാർഗം മുറുകെ പിടിക്കുക എന്നതാണ്. അല്ലാഹു പറയുന്നു:

"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (6:153).

ഇതിനെ വിശദീകരിച്ച് ഇബ്നുകഥീർ(റഹി) പറയുന്നു: "ഇബ്നു അബ്ബാസ്ﷺവിൽ നിന്ന്: 'വിശ്വാസികൾ സംഘടിതമായി നിലകൊള്ളണമെന്നും കക്ഷിത്വവും ഭിന്നതയും പാടില്ലെന്നും അല്ലാഹു ഈ ആയത്തിൽ പഠിപ്പിക്കുന്നതോടൊപ്പം മതകാര്യങ്ങളിലെ അനാവശ്യ തർക്കമാണ് മുൻഗാമികളെ നശിപ്പിച്ചതെന്നും ഇതിലൂടെ അറിയിക്കുന്നു" (ഇബ്നുകഥീർ 2/256).

ഈ സൽസരണിയിൽ ഉറച്ച് നിൽക്കുന്നവർക്കാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅഃ എന്ന് പറയുക. വിശ്വാസബോധവും പ്രമാണപ്രതിബദ്ധതയും കർമനിഷ്ഠയുമില്ലെങ്കിൽ ഇതിൽനിന്ന് വ്യതിചലിക്കുമെന്നതിൽ സംശയമില്ല. അത്തരം വ്യതിയാന കക്ഷികൾ സമൂഹത്തിൽ

ഏറെ ഉടലെടുത്തിട്ടുണ്ട്. ഖവാരിജുകൾ, ക്വദ്‌രിയ്യാക്കൾ, റാഫിളികൾ, ജബ്‌രിയ്യാക്കൾ, മുഅ്തസിലിയാക്കൾ, ശിയാക്കൾ, സ്വൂഫികൾ എന്നിങ്ങനെ നീണ്ടുകിടക്കുന്നു അവരുടെ പട്ടിക.

ക്വബ്ർ പൂജകർ, ത്വരീഖത്തുകാർ, മതരാഷ്ട്രവാദികൾ, തീവ്രചിന്താഗതിക്കാർ, പ്രമാണ നിഷേധികൾ തുടങ്ങിയവർ അത്തരക്കാരുടെ സന്തതികളായി ഇന്നും സമൂഹമധ്യത്തിലുണ്ട്. ഇവരെ ബാധിച്ച രോഗത്തിന്റെ ഗൗരവം മനസ്സിലാക്കി ചികിത്സിക്കേണ്ടതിന് പകരം നിരാശ പൂണ്ടവരായി ഒരിടത്തിരിക്കേണ്ടവരല്ല വിശ്വാസികൾ; ക്വുർആനിന്റെ മുന്നറിയിപ്പ് ഉൾക്കൊള്ളേണ്ടവരാണ്. അല്ലാഹു പറയുന്നു:

"അതായത്, തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും, പലകക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ"(30:32)

ഇബ്നുകഥീർ(റഹി) പറയുന്നു: "ഈ സമുദായത്തിലെ ഒരു വിഭാഗമൊഴികെ ബാക്കിയുള്ളവരെല്ലാം അവർക്കിടയിലെ അഭിപ്രായ ഭിന്നതകളാൽ പിഴവിലാകും. അല്ലാഹുവിന്റെ കിതാബും നബിﷺയുടെ ചര്യയും ഉത്തമ തലമുറക്കാരും ആധുനികരും പൗരാണികരുമായിട്ടുള്ള പണ്ഡിതർ നിലകൊണ്ട മാർഗം മുറുകെ പിടിക്കുന്ന അഹ്‌ലുസ്സുന്നത്തി വൽ ജമാഅഃയാണ് ആ വിഭാഗം" (ഇബ്നു കഥീർ 3/570).

ഉമൈറുബ്നുൽ ഹാനിഅ്ﷺവിൽനിന്ന്: മുആവിയﷺ മിമ്പറിൽ നിന്ന് പറഞ്ഞു: "നബിﷺ പറയുന്നതായി ഞാൻ കേട്ടു: 'എന്റെ സമൂഹത്തിലെ ഒരു വിഭാഗം അല്ലാഹുവിന്റെ കൽപനയിൽ നിലകൊള്ളുന്നവരായിരിക്കും. അവരെ നിന്ദിക്കുന്നവരോ അവരോട് എതിരാകുന്നവരോ അവർക്ക് ദോഷം വരുത്തുകയില്ല. അല്ലാഹുവിന്റെ കൽപന വരുന്നത് വരെ അവർ ജനങ്ങളുടെ മേൽ വിജയിക്കുന്നവരായിരിക്കും" (മുസ്‌ലിം: 5064).

**5.വിശ്വാസം പ്രമാണിക ദൃഢത നൽകുന്നു**

ഇസ്‌ലാമിന്റെ മുഖ്യപ്രമാണങ്ങൾ ക്വുർആനും അതിന്റെ വിവരണമായ ഹദീഥുകളുമാണ്. മതവിഷയങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് നാം പ്രതിവിധി കണ്ടെത്തേണ്ടത് ഇവയിൽ നിന്നാണ്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

ഇബ്നു കഥീർ(റഹി) പറയുന്നു: "അടിസ്ഥാനപരവും ശാഖാപരവുമായ മതവിഷയങ്ങളിൽ ജനങ്ങൾക്കിടയിൽ പ്രശ്നമുണ്ടായാൽ ക്വുർആനിലേക്കും സുന്നത്തിലേക്കും അത് മടക്കണമെന്നതിനുള്ള കൽപനയാണിത്. അവയിൽ നിന്ന് വിധി സ്വീകരിക്കാത്ത ഒരാൾ അല്ലാഹുവിലും, പരലോകത്തിലും വിശ്വാസമുള്ളവനാവുകയില്ല."

പ്രമാണങ്ങൾ നമ്മെ ക്ഷണിക്കുന്നത് മരവിപ്പിക്കുന്ന കാര്യങ്ങളിലേക്കല്ല; മറിച്ച് ഉണർവ് നൽകുന്ന വിഷയങ്ങളിലേക്കാണ്. അല്ലാഹു പറയുന്നു:

"നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക. മനുഷ്യനും അവന്റെ മനസ്സിനും ഇടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞ് കൊള്ളുക"(8:24).

പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ടത് അംഗീകരിക്കാതിരിക്കലും അവയെ തൊട്ട് പിന്തിരിയലും കടുത്ത തെറ്റാണ്. പിഴച്ച വഴിയിലൂടെയുള്ള ജീവിതവും നരക ശിക്ഷയുമാണ് അത്തരക്കാർക്കുള്ളത്. അല്ലാഹുപറയുന്നു:

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു" (33:36).

വിശ്വാസം മനസ്സിലുറച്ച ഒരാൾക്കും ക്വുർആനും സുന്നത്തും ഒഴിവാക്കി ദീനിനെ ഉൾക്കൊള്ളാൻ കഴിയില്ല. അവർ എന്നും അല്ലാഹുവിന്റെയും റസൂലിന്റെയും വിളിക്ക് ഉത്തരം നൽകുന്നവരായിരിക്കും. അല്ലാഹു പറയുന്നു:

"തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ" (24:51).

വിശ്വാസ ജീർണതകളും ആദർശ വൈകല്യങ്ങളും പ്രമാണങ്ങളോട് പുറം തിരിഞ്ഞ് നിൽക്കലും കൂടുതലായി സമൂഹത്തെ കാർന്നെടുക്കുമ്പോൾ അല്ലാഹു നൽകിയ ഹിദായത്തിന്റെ മൂല്യമറിഞ്ഞ് അതിനെ കാത്ത് സൂക്ഷിക്കാൻ നാം ഏറെ പ്രയത്നിക്കണം.

അഷ്‌റഫ് എകരൂൽ
ashrafekarul@gmail.com



ഇസ്‌ലാമിക് പാരന്റിംഗ്: 3

# പെരുമാറ്റത്തിന്റെ രീതിശാസ്ത്രം

**പാ**രന്റിംഗിൽ മികവ് തേടുന്ന വിശ്വാസികൾ സ്വയം സാംശീകരിച്ച് നിലനിർത്തേണ്ട ഗുണങ്ങളും ശീലങ്ങളുമാണ് നാം കഴിഞ്ഞ ലക്കത്തിൽ വായിച്ചത്. മറ്റ് ചിലത് കൂടി നമുക്ക് അതിനോട് ചേർത്ത് വായിക്കാം.

3. രണ്ട് കാര്യങ്ങൾക്കിടയിൽ ഏറ്റവും എളുപ്പമുള്ളത് തെരഞ്ഞെടുക്കാൻ അവകാശം നൽകൽ (പാപകരമായ ഒന്നുമില്ലാത്ത അവസ്ഥയിൽ): അധിക രക്ഷിതാക്കളും ശ്രദ്ധിക്കാതെ പോകുന്ന ഒന്നാണിത്. നാം നിർദേശിക്കുകയോ താൽപര്യപ്പെടുകയോ ചെയ്യുന്ന കാര്യം പൂർത്തീകരിക്കാൻ കുറ്റകരമല്ലാത്ത ഒരു ചോയ്സ് മക്കളുടെ അടുത്ത് നിന്ന് വന്നാൽ, നാം അത് അനുവദിക്കുന്നതിലൂടെ മക്കൾക്കു സ്വന്തം അസ്തിത്വം അനുഭവിക്കാൻ സാധിക്കും. 'ഞാൻ പറഞ്ഞ പോലെത്തന്നെ' ചെയ്താൽ മതിയെന്ന വാശിയാണ് പലപ്പോഴും രക്ഷിതാക്കളുടെയും മക്കളുടെയും ഇടയിൽ വിടവ് സൃഷ്ടിക്കുന്നത്. അതിൽനിന്നാണ് അനുസരണക്കുറവ് ജന്മമെടുക്കുന്നത്.

ആഇശ(റ) നബി(ﷺ)യെ കുറിച്ച് പറഞ്ഞു: 'രണ്ടു കാര്യങ്ങൾക്കിടയിൽ നബിക്ക് തെരഞ്ഞടുപ്പിന് അവകാശം നൽകപ്പെട്ടാൽ അതിൽ ഏറ്റവും എളുപ്പമുള്ളതാണ് അദ്ദേഹം തെരഞ്ഞെടുക്കുക. അതിൽ കുറ്റകരമായത് ഒന്നുമില്ലെങ്കിൽ...'' (ബുഖാരി, മുസ്‌ലിം).

ഇത് പാരന്റിംഗിൽ ഒരു ടിപ്സായി എടുത്താൽ അതിന്റെ ഫലം നമുക്ക് അനുഭവിക്കാം. ഒരു ഉദാഹരണം പറയാം: നമ്മുടെ മകനോട് അൽപം അകലെയുള്ള കടയിൽ പോയി ഒരു സാധനം വാങ്ങിക്കൊണ്ടുവരാൻ നാം നിർദേശിക്കുന്നു. ഉടനെ അവൻ 'സൈക്കിൾ എടുത്ത് പോകട്ടേ?' എന്ന് ചോദിക്കുന്നു. ഈ സമയം പ്രത്യേകിച്ച് അപകടങ്ങൾ ഒന്നും കാണുന്നില്ലെങ്കിൽ 'വേണ്ട,നടന്നു പോയാൽ മതി' എന്ന് നാം വാശി പിടിക്കതിരുന്നാൽ രണ്ടു ഉപകാരമുണ്ട്. ഒന്ന്, സമയ ലാഭം. മറ്റൊന്ന് അവന്റെ താൽപര്യത്തെ പരിഗണിച്ചതിൽ അവനുണ്ടാകുന്ന ഒരു മാനസിക ഔന്നിത്യ ബോധം.

4. കാരുണ്യം നിറഞ്ഞ ഹൃദയം: ഏതൊരു രക്ഷിതാവിന്നും അനിവാ



ര്യമായ ഒന്നാണിത്. കാരുണ്യത്തിന്റെ നനവുള്ളതാകണം നമ്മുടെ കൽപനകളും തീരുമാനങ്ങളും. അത് മക്കൾക്ക് അനുഭവഭേദ്യമായാൽ നമ്മെ അനുസരിക്കുന്നതിൽ വേഗതയും ആത്മാർഥതയും നാമ്പെടുത്തു തുടങ്ങും. നബി തിരുമേനിﷺയുടെ കൂടെയുള്ളവർക്ക് അദ്ദേഹത്തിന്റെ ഹൃദയകാരുണ്യം അനുഭവിക്കാൻ കഴിഞ്ഞിരുന്നു.

മാലിക് ബിൻ ഹുവാരിസ്ؓ പറയുകയാണ്: 'ഞങ്ങൾ സമ പ്രായക്കാരായ ഒരു കൂട്ടം യുവാക്കൾ നബിﷺയുടെ അടുക്കൽ ചെന്ന് എകദേശം ഇരുപതോളം രാത്രി (പഠിക്കാനായി) താമസിച്ചു. നബിﷺ കാരുണ്യവാനും ദയാലുവുമായിരുന്നു. ഞങ്ങൾക്ക് ഞങ്ങളുടെ കുടുംബത്തിലേക്കെത്താൻ കൊതിയായി തുടങ്ങിയെന്ന് അദ്ദേഹം ഊഹിച്ചെടുത്തു. അദ്ദേഹം ഞങ്ങളോട് ഞങ്ങൾ വിട്ടുപോന്ന കുടുംബത്തെ കുറിച്ച് ചോദിച്ചറിഞ്ഞു. തുടർന്ന് അദ്ദേഹം ഞങ്ങളോട് പറഞ്ഞു: നിങ്ങൾ വീട്ടിലിലേക്ക് മടങ്ങി അവരോടൊപ്പം താമസിച്ചു കൊള്ളുക. അവരെ പഠിപ്പിക്കുകയും അവരോട് പുണ്യം ചെയ്യുകയും ചെയ്യുക. ഇന്നിന്ന രീതിയിൽ ഇന്നിന്ന സമയങ്ങളിൽ നമസ്കരിക്കുക. സമയമായാൽ നിങ്ങളിൽ ഒരാൾ ബാങ്ക് വിളിക്കുകയും മുതിർന്നവർ നമസ്കാരത്തിന് നേതൃത്വം നൽകുകയും ചെയ്യുക" (ബുഖാരി, മുസ്‌ലിം).

5. അയവും വഴക്കവും: കുട്ടികളോട് ഇടപെടുമ്പോൾ അൽപം അയവുള്ള സമീപനം വേണം. ഉറച്ച ഒരു ശിലാരൂപ രീതി മുറുകെ പിടിക്കരുത്. അയവും വഴക്കവും കൊണ്ടു ഉദ്ദേശിക്കുന്നത്, മതം അനുവദിച്ച വിശാലതയിലും അനുവാദങ്ങളിലും നാം സ്വയം വേലി കെട്ടി കുടുസ്സാമാക്കരുതെന്നാണ്. ഇബ്നു മസ്ഊദ്ؓ പറയുകയാണ്: നബിﷺ പറഞ്ഞു: നരകം തടയപ്പെടുന്നവനെ കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ? വഴക്കമുള്ള, വിനയമുള്ള, ലാളിത്യമുള്ള, സുമനസ്കരായ എല്ലാവർക്കുമാണ് നരകം തടയപ്പെടുന്നത്" (തിർമിദി).

മതത്തിന്റെ അനുവാദ പരിധിയിൽ നിന്നുകൊണ്ട് 'മതം പിരിമുറുക്കമല്ലെ'ന്ന അനുഭവത്തിൽ വളർന്നു വലുതാകുന്ന വിശ്വാസികളുടെ തലമുറയെയാണ് നാം ലക്ഷ്യം വെക്കുന്നത്.

6. കോപം നിയന്ത്രിക്കുക: ആവർത്തിക്കപ്പെടുന്ന ദേഷ്യപ്പെടലും ഭ്രാന്തമായ വാശിപിടിക്കലും സന്താന പരിപാലനത്തിൽ വിപരീത ഫലമുളവാക്കുന്ന ദുഃസ്വഭാവങ്ങളാണ്. നബിﷺ തന്റെ സമുദായത്തെ ആവർത്തിച്ച താക്കീത് നൽകിയ കാര്യമാണിത്. സന്താന പരിപാലന ദൗത്യം ഒരു നീണ്ട യാത്രയാണല്ലോ. സുഖകരമാവേണ്ട ഈ യാത്രയിലെ വഴിമുടക്കികളാണ് ഇവ രണ്ടും. തന്റെ അടുക്കൽ ഉപദേശം തേടി വന്ന ഒരു അനുചരനോട് മൂന്ന് പ്രാവശ്യം നബിﷺ ആവർത്തിച്ചത് 'നീ കോപിക്കരുത്' എന്നാണ് (ബുഖാരി).

നമ്മുടെ ശക്തിയും ധീരതയും അളക്കുന്ന മാനദണ്ഡം കൂടിയാണ് കോപത്തെ നിയന്ത്രിക്കാനുള്ള നമ്മുടെ കഴിവ് എന്നാണല്ലോ നബിﷺ പഠിപ്പിച്ചത്. അബൂഹുറയ്റؓയിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഇപ്രകാരമാണ്: 'മൽപിടുത്തതിൽ (കീഴ്പെടുത്തുന്നവൻ) അല്ല ശക്തൻ. മറിച്ച്, കോപം വരുമ്പോൾ സ്വന്തത്തെ നിയന്ത്രിക്കുന്നവനാണ്' (ബുഖാരി).

മക്കളുമായി നിരന്തരം ഇടപെടേണ്ടി വരുന്ന രക്ഷിതാക്കൾ ഇക്കാര്യം എപ്പോഴും ഓർക്കണം.

7. മധ്യമ നിലപാട് കൈവിടാതിരിക്കൽ: ഏതൊരു മേഖലയിലുമെന്ന പോലെ ഇസ്‌ലാം പഠിപ്പിക്കുന്ന മധ്യമ നിലപാട് സ്വീകരിക്കൽ സന്താന പരിപാലനത്തിലും അത്യാവശ്യമാണ്. പാരന്റിംഗിൽ അനിവാര്യമായ ഒരു ഗുണമാണിത്. തീവ്രതയും അവഗണനയും ഒരുപോലെ നാശം കൊണ്ടുവരും. അരുതെന്ന് പറയുമ്പോഴും ചെയ്യാൻ കൽപിക്കുമ്പോഴും സ്നേഹം പ്രകടിക്കുമ്പോഴുമെല്ലാം മധ്യമ സമീപനം കാത്തുസൂക്ഷിക്കണം.

പ്രഭാത നമസ്കാരത്തിന് നേതൃത്വം നൽകുന്നയാൾ നമസ്കാരം ദീർഘിപ്പിക്കുന്നതിനാൽ ഞാൻ ഇനി നമസ്കാരത്തിന് വൈകിയേ പള്ളിയിൽ വരൂ എന്ന് ഒരു അനുചരൻ പറഞ്ഞപ്പോൾ ദേഷ്യപ്പെട്ടുകൊണ്ട് നബിﷺ പറഞ്ഞത് ഇപ്രകാരമാണ്: 'മനുഷ്യരേ! നിങ്ങളുടെ കൂട്ടത്തിൽ മനുഷ്യരെ വെറുപ്പിച്ച് അകറ്റുന്നവരുണ്ട്. നിങ്ങളാരെങ്കിലും നമസ്കാരത്തിന് നേതൃത്വം നൽകുകയാണെങ്കിൽ ഹ്രസ്വമാക്കുക. കാരണം നിങ്ങളുടെ പിന്നിൽ വൃദ്ധരും കുട്ടികളും മറ്റ് ആവശ്യങ്ങൾ ഉള്ളവരും ഉണ്ടാകും' (ബുഖാരി, മുസ്‌ലിം).

കുട്ടികളെ ഏൽപിക്കുന്ന ഉത്തരവാദിത്തങ്ങളിലും അനുവദിക്കുന്ന വിനോദങ്ങളിലും ഊണ്, ഉറക്കം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളിലുമെല്ലാം ഈ നിലപാട് പരിഗണിക്കാൻ നാം മറന്ന് പോകരുത്. ●

**അബൂ അമീൻ**
mail@nerpatham.com

# പക്ഷം ചേരുമ്പോൾ ശ്രദ്ധിക്കേണ്ടത്

**"സുഹൃത്തുക്കൾ ആ ദിവസം അന്യോന്യം ശത്രുക്കളായിരിക്കും. സൂക്ഷ്മത പാലിക്കുന്നവരൊഴികെ" (ക്വുർആൻ 43:67).**

**പ**ലതിന്റെയും പേരിൽ പരസ്പരസ്നേഹബന്ധങ്ങളുള്ളവരും പക്ഷം ചേരുന്നവരുമാണ് മനുഷ്യരിൽ ഭൂരിഭാഗവും. ഭൗതികലാഭങ്ങൾക്ക് വേണ്ടിയും സ്വന്തം താൽപര്യങ്ങളെയും അഭിപ്രായങ്ങളെയും പിന്തുണക്കുന്നതിന്റെ പേരിലുമെല്ലാം ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നവരുണ്ട്. അത്തരം കൂട്ടുകെട്ടുകളുടെ പേരിൽ എന്തും ചെയ്യാനും ചെലവഴിക്കാനും തയ്യാറാകുന്നവർ സത്യവും നീതിയുമൊന്നും നോക്കാനോ ഗൗനിക്കാനോ സന്നദ്ധരാവുകയുമില്ല.

എന്നാൽ ഒരു വിശ്വാസി സത്യത്തിന്റെയും നീതിയുടെയും ഭാഗത്ത് നിലയുറപ്പിക്കാനാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. സ്വന്തം മാതാപിതാക്കൾക്കെതിരാണെങ്കിൽ പോലും നീതിയുടെയും നന്മയുടെയും ചേരിയിൽ അണിചേരാൻ പരിശ്രമിക്കുകയും അതിന് അനുഗ്രഹിക്കാൻ സർവശക്തനോട് സദാ പ്രാർഥിക്കേണ്ടതുമുണ്ട്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു." (4:135).

സത്യത്തോടും നന്മയോടുമാണ് വിശ്വാസികൾക്ക് പ്രതിബദ്ധതയുണ്ടാകേണ്ടത്. അതിന്റെ അടിസ്ഥാനത്തിലായിരിക്കണം വ്യക്തികളോടും വിഭാഗങ്ങളോടുമുള്ള അടുപ്പവും അകൽച്ചയുമൊക്കെ. അല്ലെങ്കിൽ അത്തരം ബന്ധങ്ങളുടെ പേരിൽ ഖേദിക്കേണ്ടിവരുമെന്നാണ് ക്വുർആൻ മുന്നറിയിപ്പ് നൽകുന്നത്.

സത്യത്തെയും നന്മയെയും പിന്തുണക്കുവാനുള്ള ആർജവമുണ്ടാകുന്നതോടൊപ്പം തന്നെ വഴിതെറ്റിപ്പോകുന്നവരെ സ്നേഹബുദ്ധ്യാ ഉണർത്തുക എന്നതും ഒരു വിശ്വാസിയുടെ കടമയാണ്. സത്യവും പ്രമാണവും എത്രതന്നെ വ്യക്തമാക്കിയിട്ടും മർക്കടമുഷ്ടിയോടെ അവയെ നിരാകരിക്കുന്ന സ്ഥിതി വിശേഷമാണെങ്കിൽ കൂട്ടുകാരന്റെ വെറുപ്പ് സമ്പാദിക്കേണ്ട എന്ന് കരുതി സത്യത്തിന്റെ നേരെ കണ്ണടക്കുകയല്ല വേണ്ടത്. കൂട്ടുകാരൻ വെറുത്താലും പരമകാരുണികനായ അല്ലാഹുവിന്റെ വെറുപ്പ് സമ്പാദിച്ചു കൂടാ എന്ന ഉറച്ച തീരുമാനമായിരിക്കണം സത്യവിശ്വാസിക്കുണ്ടാവേണ്ടത്.

ഈമാനിന്റെ (സത്യവിശ്വാസത്തിന്റെ) പൂർണതയെ വിശദമാക്കിക്കൊണ്ട് നബിﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിന് വേണ്ടി സ്നേഹിക്കുകയും അല്ലാഹുവിന് വേണ്ടി വെറുക്കുകയും അല്ലാഹുവിന് വേണ്ടി നൽകുകയും അല്ലാഹുവിന് വേണ്ടി തടയുകയും ചെയ്താൽ തീർച്ചയായും അയാൾ ഈമാൻ (സത്യവിശ്വാസം) പൂർത്തീകരിച്ചു" (അബൂദാവൂദ്).

അല്ലാഹുവിനെയും അവൻ ഇഷ്ടപ്പെടുന്നവയെയും സ്നേഹിക്കുന്നതോടൊപ്പം അല്ലാഹു വെറുക്കുന്ന എല്ലാറ്റിനോടും വെറുപ്പുണ്ടാവുകയും ചെയ്യുകയെന്നത് ഈമാനിന്റെ സുപ്രധാന താൽപര്യമായിട്ടാണ് നബിﷺ പഠിപ്പിക്കുന്നത്.

നേതാക്കന്മാരും അനുയായികളും സുഹൃത്തുക്കളുമൊക്കെ ഈയൊരു അധ്യാപനം മനസ്സിൽ ഉറപ്പിച്ച് മുന്നേറുന്ന പക്ഷം സത്യത്തോടും നീതിയോടും പ്രതിബദ്ധതയുള്ള ഒരു ഉത്തമസമൂഹം രൂപപ്പെടുമെന്ന് പ്രത്യാശിക്കാം. മറിച്ചാണെങ്കിൽ പരലോകമെന്ന അല്ലാഹുവിന്റെ വിചാരണവേദിയിൽ നിന്ദ്യതയും നിരാശയുമായിരിക്കും തങ്ങൾക്ക് വരാനിരിക്കുന്നത് എന്ന ക്വുർആനിക മുന്നറിയിപ്പ് അത്തരക്കാർ കാത്തിരുന്നുകൊള്ളുക: "പിന്തുടരപ്പെട്ടവർ (നേതാക്കൾ) പിന്തുടർന്നവരെ (അനുയായികളെ) വിട്ട് ഒഴിഞ്ഞ് മാറുകയും, ശിക്ഷ നേരിൽ കാണുകയും, അവർ (ഇരുവിഭാഗവും) തമ്മിലുള്ള ബന്ധങ്ങൾ അറ്റുപോകുകയും ചെയ്യുന്ന സന്ദർഭമത്രെ (അത്). പിന്തുടർന്നവർ (അനുയായികൾ) അന്നു പറയും: ഞങ്ങൾക്ക് (ഇഹലോകത്തേക്ക്) ഒരു തിരിച്ചുപോക്കിന്നവസരം കിട്ടിയിരുന്നെങ്കിൽ ഇവർ ഞങ്ങളെ വിട്ടൊഴിഞ്ഞ് മാറിയത് പോലെ ഞങ്ങൾ ഇവരെ വിട്ടും ഒഴിഞ്ഞു മാറുമായിരുന്നു. അപ്രകാരം അവരുടെ കർമങ്ങളെല്ലാം അവർക്ക് ഖേദത്തിന് കാരണമായി ഭവിച്ചത് അല്ലാഹു അവർക്ക് കാണിച്ചുകൊടുക്കും. നരകാഗ്നിയിൽ നിന്ന് അവർക്ക് പുറത്ത് കടക്കാനാകുകയുമില്ല" (2:166,167).

## ചലനങ്ങൾ

## ഐ.എസ്.എം ജില്ലാ ഐ.ടി.വർക്ക്ഷോപ്പ്

മണ്ണാർക്കാട്: നവമാധ്യമങ്ങളിലെ അശ്ലീലതകൾക്ക് തടയിടണമെന്നും മാധ്യമങ്ങളുടെ ധാർമിക വൽക്കരണത്തിന് സമൂഹത്തിന്റെ സക്രിയമായ ഇടപെടലുകൾ അനിവാര്യമാണെന്നും ഐ.എസ്.എം ജില്ലാ കമ്മറ്റി മണ്ണാർക്കാട്ട് സംഘടിപ്പിച്ച ജില്ലാ ഐ.ടി.വർക്ക്ഷോപ്പ് ആവശ്യപ്പെട്ടു.

മുജാഹിദ് ദഅ്‌വാ സമിതി ജില്ലാ കൺവീനർ റഷീദ് കൊടക്കാട്ട് ഉൽഘാടനം ചെയ്തു. ഐ.എസ്.എം ജില്ലാ പ്രസിഡന്റ് ടി.കെ.നിഷാദ് സലഫി അധ്യക്ഷത വഹിച്ചു. പി.എച്ച്.മെഹബൂബ് അലി കൊപ്പം, കെ. അബ്ദുൽ ഖാദർ എന്നിവർ ക്ലാസ്സെടുത്തു. ഐ.എസ്.എം ജില്ലാ സെക്രട്ടറി കെ. പി. അഷ്ക്കർ അരിയൂർ, ജില്ലാ ഐ. ടി. വിംഗ് കൺവീനർ കെ.എ. നൗഫൽ പാലക്കാട്, പി. മുജീബ് സലഫി, കെ.പി. സലീം, ഫിറോസ്ഖാൻ സ്വലാഹി, പി. ഷാജഹാൻ, സ്വലാഹുദ്ദീൻ ബിൻസലീം, സുധീർ മേച്ചേരി സംസാരിച്ചു.

## സാമ്പത്തിക പ്രതിസന്ധി ധവളപത്രം പുറത്തിറക്കണം: മുജാഹിദ് സംസ്ഥാന സംഗമം

കോഴിക്കോട്: നോട്ട് നിരോധനത്തെ തുടർന്ന് രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറത്തിറക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് കോഴിക്കോട് ജെ.ഡി.ടിയിൽ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംഘടിപ്പിച്ച മുജാഹിദ് സംസ്ഥാന പ്രതിനിധി സംഗമം ആവശ്യപ്പെട്ടു.

നോട്ട് നിരോധനത്തിന് വഴിവെച്ച കാരണങ്ങൾ രാജ്യത്ത് എത്രത്തോളം ഇപ്പോഴും നിലനിൽക്കുന്നു എന്നത് സംബന്ധിച്ച് കൃത്യവിശദീകരണം നൽകാൻ ഭരണകൂടം തയ്യാറാകണം. പാർലിമെന്റ് കമ്മിറ്റിക്ക് മുമ്പാകെ ആർ.ബി.ഐ ഉദ്യോഗസ്ഥന്മാർ കൃത്യമായ വിശദീകരണം നൽകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളോടുള്ള ജനങ്ങളുടെ വിശ്വാസ്യത തകർന്നു പോകാൻ ഇടയാക്കുമെന്നും സംഗമം അഭിപ്രായപ്പെട്ടു.

ജെ.ഡി.ടി സെക്രട്ടറി സി.പി കുഞ്ഞുമുഹമ്മദ് മുഖ്യാതിഥിയായിരുന്നു. വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംസ്ഥാന വൈസ്ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷത വഹിച്ചു. അബൂബക്കർ സലഫി, സി.പി സലീം, നാസിർ ബാലുശ്ശേരി, സാദിഖ് മദീനി, ശമീർ മദീനി, ഹംസ മദീനി, ഹാരിസ്ബനു സലീം, ജമാൽ പെരിന്തൽമണ്ണ, മുജാഹിദ് ബാലുശ്ശേരി, ഐ.എസ്.എം സംസ്ഥാന പ്രസിഡന്റ് ഡോ. സി.എം സാബിർ നവാസ്, ജന: സെക്രട്ടറി കെ. സജ്ജാദ്, അബ്ദുല്ല ഫാസിൽ, താജുദ്ദീൻ സ്വലാഹി, എം.എസ്.എം സംസ്ഥാന പ്രസിഡന്റ് മുനവ്വിർ സ്വലാഹി, ജന:സെക്രട്ടറി ലുബൈബ്, ഐ.എം.ബി ജന:സെക്രട്ടറി പി.എം ശാഹുൽ ഹമീദ്, അബ്ദുൽ മാലിക് സലഫി, യു.എ.ഇ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ വൈസ് പ്രസിഡന്റ് അഷ്റഫ് അബൂബക്കർ, ശരീഫ് ഏലാങ്കോട് എന്നിവർ പ്രസംഗിച്ചു.

## നെഹ്റു കോളേജ് പ്രശ്നം, മനുഷ്യാവകാശ കമ്മീഷൻ ഇടപെടണം: എം.എസ്.എം

മലപ്പുറം: നെഹ്റു കോളജിലെ വിദ്യാർഥിയുടെ മരണവുമായി ബന്ധപ്പെട്ട സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ ഇടപെടണമെന്ന് എം.എസ്.എം സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു. പുകമറകൾ സൃഷ്ടിച്ചു കൊണ്ട് വിദ്യാർഥികളുടെ വ്യക്തിസ്വാതന്ത്ര്യം ക്യാമ്പസുകളിൽ പ്രൊഫഷണലിസത്തിന്റെ പേരിൽ നിഷേധിക്കപ്പെടുന്നത് ന്യായീകരിക്കാനാവില്ല. നെഹ്റു കോളജ് മാനേജ്മെന്റിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളും അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരണം. ക്യാമ്പസിലെ മുഴുവൻ വിദ്യാർഥികളിൽ നിന്നും പൂർവവിദ്യാർഥികളിൽ നിന്നും മൊഴിയെടുക്കണം. ദാരുണമായ ഇത്തരം സംഭവങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കാൻ പെരുമാറ്റച്ചട്ടം കൊണ്ടുവരണം. അതേസമയം നിയമം കയ്യിലെടുത്തു കൊണ്ട് ക്യാമ്പസുകൾ അക്രമങ്ങൾ നടത്തുന്നത് നീതീകരിക്കാവതല്ല.

എം.എസ്.എം സംസ്ഥാന പ്രസിഡന്റ് എ.പി മുനവ്വർ സ്വലാഹി അധ്യക്ഷത വഹിച്ചു. ജന: സെക്രട്ടറി പി. ലുബൈബ്, പി.പി നസീഫ്, സി.എം അബ്ദുൽ ഖാലിക്ക്, സി. മുഹാസ്, കെ.പി മുഹമ്മദ് ഷമീൽ, ഇൻഷാദ് സ്വലാഹി, സയ്യിദ് മുഹമ്മദ് മഷ്ഹൂർ തങ്ങൾ, കെ. നൂറുദ്ദീൻ സ്വലാഹി, നിസാർ സ്വലാഹി, വി അബൂബക്കർ, അഷ്ക്കർ ഇബ്രാഹിം ഒറ്റപ്പാലം എന്നിവർ സംസാരിച്ചു.

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road
Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

നമുക്ക് ചുറ്റും

# പാർട്ടിയിൽ അംഗമാവുക അങ്കം തുടങ്ങുക

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

മലയാളി മനസ്സാക്ഷിയുടെ മുഖത്ത് മുറിവേൽപിച്ചു കൊണ്ട് കണ്ണീരിൽ കുതിർന്ന കഥകളുമായി കണ്ണൂർ രാഷ്ട്രീയം ദേശീയ മാധ്യമങ്ങളിൽ വീണ്ടും ഇടം പിടിച്ചിരിക്കുകയാണ്.

ഏഷ്യയിലെ ഏറ്റവും വലിയ കലാ മാമാങ്കം അരങ്ങേറുന്ന വേളയിൽ തന്നെ ഇത്തരം ദുഷ്‌കൃത്യത്തിന് നാൾകുറിച്ചവരുടെ മാനസിക നിലവാരം ഊഹിക്കാവുന്നതാണ്. മൃതദേഹം വഹിച്ച് കലോത്സവ നഗരിയിലൂടെ നടത്തിയ വിലാപ യാത്രയായിരിക്കാം ഇത്തവണ എ ഗ്രേഡോടു കൂടി ഒന്നാം സ്ഥാനത്തെയിത്തിയത്.

ഓരോ തവണ സംഭവിക്കുമ്പോഴും ഇത് അവസാനത്തേതായിരിക്കും എന്ന് കരുതി സമാശ്വസിക്കാൻ ശ്രമിക്കുന്നവരാണ് നാമെല്ലാവരും. എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചുകൊണ്ടാണ് ചോരകൊണ്ട് ചായം പൂശിയ പതാകകൾ പറത്താൻ മത്സരിക്കുന്നത്. പരമ്പരാഗതമായി പകയും പ്രതികാരവും തലമുറകളിലൂടെ കൈമാറുന്ന പുരാതന ശിലായുഗത്തിലെ മനുഷ്യരിൽ നിന്ന് ഏറെയൊന്നും സാംസ്‌കാരികമായി ഉന്നതി പ്രാപിച്ചിട്ടില്ല ആധുനികർ എന്ന് തെളിയിക്കുകയാണ് കണ്ണൂരിലും കേരളത്തിലെ ചില ഭാഗങ്ങളിലും നടന്നു കൊണ്ടിരിക്കുന്ന കൊലപാതക പരമ്പരകൾ.

പാർട്ടിയിൽ അംഗമാകുന്നതോടു കൂടി മറ്റു പാർട്ടിക്കാരോടും പ്രഖ്യാപിത ശത്രുക്കളോടും അങ്കം വെട്ടാൻ തയ്യാറെടുക്കുക എന്ന അലിഖിത നിയമം നിലവിലുള്ളത് പോലെയാണ് പല പാർട്ടികളുടെയും നീക്കം കാണുമ്പോൾ തോന്നാറുള്ളത്. വെറുപ്പും വിദ്വേഷവും മൊത്തമായും ചില്ലറയായും വിതരണം ചെയ്തും വാരി വിതറിയും പാർട്ടി വളർത്താമെന്ന് ചിന്തിക്കുന്നവരാണ് പല സംഘടനകളുടെയും തലപ്പത്തിരിക്കുന്നത്.

അക്രമ രാഷ്ട്രീയം വളർത്തുന്നതിൽ ഏതെങ്കിലുമൊരു രാഷ്ട്രീയ കക്ഷിയെ മാത്രം കുറ്റപ്പെടുത്താൻ കഴിയില്ല. തങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ പാർട്ടി ഗ്രാമങ്ങളായി പ്രഖ്യാപിച്ച് അപര സാന്നിധ്യം ഇല്ലാതാക്കാൻ ഏറെക്കുറെ എല്ലാ പാർട്ടിക്കാരും മുൻപന്തിയിൽ തന്നെയാണ്. പാർട്ടിപ്പതാകക്കു മേൽ ഒരു പരുന്തും പറക്കാൻപാടില്ല എന്ന് തിട്ടൂരം.

തല മുതിർന്ന രാഷ്ട്രീയ യജമാനൻമാരുടെ കല്ലേപ്പിളർത്തുന്ന കൽപനകൾക്ക് ഇരകളായി മാറുകയാണ് നൂറുകണക്കിന് മനുഷ്യ ജീവനുകൾ.

വരമ്പത്ത് തന്നെ കൂലി കൊടുക്കാനും പോലീസ് സ്‌റ്റേഷനുകൾ ഗന്ധകപ്പുരകളാക്കാനും ആഹ്വാനം നൽകുന്ന അപകടകാരികളായ നേതാക്കൾ ഉണ്ടായിക്കൂടാ. ആണ്ടിലൊരിക്കൽ ഒന്നോ രണ്ടോ രക്തസാക്ഷികളെയും ബലിദാനികളെയും വീണുകിട്ടിയാലേ മൈലേജ് ലഭിക്കുകയുള്ളൂ എന്നത് നിലവിലുള്ള കക്ഷികളുടെ അജണ്ടാ ദാരിദ്ര്യം വിളിച്ചു പറയുന്നുണ്ട്. പാവങ്ങളെ പിഴിഞ്ഞുണ്ടാക്കുന്ന കേസ് ഫണ്ട് ഉപയോഗിച്ചാണ് 'മുടക്കോഴി മല'കളും ക്രിമിനലുകളെ പാർപ്പിക്കുന്ന സുഖവാസ കേന്ദ്രങ്ങളും നടന്നുവരുന്നത്.

അലമുറയിടുന്ന അമ്മമാരുടെയും വാവിട്ടു കരയുന്ന പിഞ്ചു കുഞ്ഞുങ്ങളുടെയും ദീന രോദനങ്ങൾ നമ്മുടെ കാതുകളിൽ പ്രകമ്പനം കൊള്ളുകയാണ്. തെരുവുകളിൽ പക്ഷികൾക്ക് കാഷ്ഠിക്കാൻ പാകത്തിൽ കൊത്തി വെച്ച പ്രതിമകളുടെ എത്രയോ ഇരട്ടിവരും ചലന ശേഷി നഷ്ടപ്പെട്ട്, അവയവങ്ങൾ ഛേദിക്കപ്പെട്ട്, മൃതദേഹങ്ങൾക്ക് സമാനമായ ജീവിതം നയിക്കുന്ന ജീവച്ഛവങ്ങൾ!

നാടിന്റ തീരാശാപമായി തുടരുന്ന അക്രമ രാഷ്ട്രീയം വരുത്തിവെക്കുന്ന ദൂരവ്യാപകമായ ദുരന്തങ്ങൾ തിരിച്ചറിയാൻ നേതാക്കൾ പക്വതയും ആർജവവും പ്രകടിപ്പിക്കണം. നിലവിലുള്ള രാഷ്ട്രീയ പാർട്ടികളുടെ നയനിലപാടുകളോട് പൊതുസമൂഹം കാണിക്കുന്ന വിമുഖത, യുവാക്കളിലും അഭ്യസ്ത വിദ്യരിലും വളർന്നുവരുന്ന അരാഷ്ട്രീയ വാസന തുടങ്ങി കലാപ രാഷ്ട്രീയത്തിന്റെ കെടുതികൾ അനവധിയാണ്. അക്രമരാഷ്ട്രീയത്തിന്റെ പാർശ്വഫലങ്ങളായി വരുന്ന ഹർത്താലുകളും ഭരണ സ്തംഭനങ്ങളും തൻമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടവും കണക്കറ്റതാണ്.

കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലങ്ങോളമിങ്ങോളം നടമാടുന്ന രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും പേരിൽ നടക്കുന്ന പേക്കൂത്തുകളുടെ ഏറ്റവും വലിയ ഇരകൾ സ്ത്രീജനങ്ങളാണ്. വീട്ടമ്മമാർ സംഘടിച്ചാൽ ഒരു പരിധി വരെ ഇത്തരം ദുർനടപ്പുകൾ ഇല്ലായ്മ ചെയ്യാൻ പറ്റും. ആർക്കോ വേണ്ടി ചാവേറുകളാവേണ്ട 'ചാപ്പിള്ളകൾ' അല്ല തങ്ങൾ ജന്മം നൽകിയിയ മക്കൾ എന്ന് അമ്മമാർ ഉറച്ചു തീരുമാനിച്ചാൽ ബധിര കർണങ്ങൾ കേൾക്കുകയും അന്ധ നേത്രങ്ങൾ കാണുകയും ചെയ്യും.

അഞ്ചാണ്ടു തികയുമ്പോൾ വോട്ടമർത്താനുള്ള യന്ത്രങ്ങളല്ല വോട്ടർമാരെന്ന് പൗരൻമാരും തിരിച്ചറിഞ്ഞാൽ വരാനിരിക്കുന്നത് ഭദ്രമായ ഭാവിയാണ്.




peaceradio
Tune to reality

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 28 January 2017

Reg NO: KL/CT/225/2016-18
Price: ₹ 10/-




ഇന്ത്യയിലെ എല്ലാ മികച്ച ബ്രാൻഡുകളുടെ ഗൃഹോപകരണങ്ങൾ,ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ,
മൊബൈൽ ഫോണുകൾ,ലാപ്ടോപ്പുകൾ,ക്യാമറകൾ തുടങ്ങിയവ വാറണ്ടിയോടൊപ്പം കേരളത്തിലെ
നിങ്ങളുടെ വീടുകളിൽ എത്തിക്കുന്നു..ഗൾഫ് മലയാളികൾക്കായുള്ള വെൽക്കം ഗ്രൂപ്പിന്റെ നൂതന സംരംഭം..

കേരള trobone
kerala.trobone.com

Visit us at
kerala.trobone.com
Helpdesk(Kerala) : +917593888855
Helpdesk(Dubai) : +97142288767

a division of trobone.com